കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല

# അക്കാദമിക് മികവിലേക്കുള്ള
# കാൽവെപ്പുകൾ

2016 - 2021

Faculty Enrolment Program (FEP)
IT Customisation of FEP
Faculty Academic Credit System (FACS)
Massive Oppen Online Course (MOOC)
Best Teacher Award (BTA)
Certificate Programs (Centers)
Academic Staff College

Teachers' Training

Publications
Research Activity
Research Publication

Research

Social Activity

Institutional Quality
SAMAGRAM
Quality Circle
Process Evaluation
Standard Operating Procedure
KUHS Operational Perspectives
University Administration and Management training for KUHS Staff

Administrative Innovations

Special Assignments

Collaborations
Regularization of Regulations and Gazetting
Review of existing syllabi
Systematizing Board of Studies
Review of Board of studies and Faculty Meetings
Academic Monitoring Cell (AMC)
Online Educational Program

Academic Infrastructure

Students Training Program

ഡീൻ (അക്കാഡമിക്ക്) ന്റെ കാര്യാലയം പ്രസിദ്ധീകരിക്കുന്നത്



കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല

# അക്കാദമിക് മികവിലേക്കുള്ള കാൽവെപ്പുകൾ

ഡോ. വി.വി. ഉണ്ണികൃഷ്ണൻ
ഡീൻ (അക്കാദമിക്)



വിശപ്പും, വിയർപ്പും വേദനയും
തിരിച്ചറിയാത്ത വിദ്യാഭ്യാസം
വ്യർത്ഥമാണ്.

## പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ
## വൈസ് ചാൻസിലർ



കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അക്കാദമിക്ക് മികവിന് വേണ്ടുന്ന ഭാവനാപൂർണ്ണമായ വിവിധ പരിപാടികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൃത്യമായ കാഴ്ചപ്പാടോടെ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഈ പരിപാടികൾ ആരോഗ്യ ശാസ്ത്ര വിദ്യാഭ്യാസ മേഖലയുടെ, വിശിഷ്യാ അദ്ധ്യാപകരുടെ തൊഴിൽപരമായ ഗുണമേന്മ ഉറപ്പുവരുത്താൻ സഹായിച്ചിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യ ജനകമാണ്. എന്നാൽ ഈ പരിപാടികളെക്കുറിച്ച് അക്കാദമിക്ക് സമൂഹത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പ്രസിദ്ധീകരണം രൂപം കൊള്ളുന്നത്. പത്ത് അദ്ധ്യായങ്ങളിലായി സർവ്വകലാശാലയുടെയും, അദ്ധ്യാപക വിദ്യാർത്ഥി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അതുവഴി സമൂഹത്തിൻറെ വിവിധ മേഖലകളുടെയും അക്കാദമികമായ ഉന്നമനത്തിന് ഇത് സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

**പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ**
**വൈസ് ചാൻസിലർ**



## പ്രൊഫ. ഡോ. എം കെ സി നായർ
## മുൻ വൈസ് ചാൻസിലർ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ വൈസ് ചാൻസിലർ എന്ന നിലയിൽ ഏറെ സംഭവ ബഹുലമായ കാലഘട്ടത്തിലൂടെയാണ് എനിക്ക് സർവ്വകലാശാലയെ നയിക്കേണ്ടി വന്നത്. വ്യക്തമായ ആസൂത്രണത്തോടെ ഭരണ-വിദ്യാഭ്യാസ-ഗവേഷണ മേഖലകളിൽ വിവിധ സിസ്റ്റങ്ങൾ പ്രാവർത്തികമാക്കുക വഴി സർവ്വകലാശാലയുടെ ഭാവി മുന്നേറ്റ ങ്ങൾക്ക് മാർഗ്ഗ ദർശകങ്ങളായി എന്ന് നിസ്സംശയം പറയാം. ഇതിലെ അക്കാദമികവും ഭരണപരവുമായ മികവുകൾക്ക് തുടക്കം കുറിച്ച ഇരുപതിൽപരം പദ്ധതി കളുടെ സംക്ഷിപ്ത രൂപമാണ് ഈ പുസ്തകത്തിൽ ലളിതമായ ഭാഷയിലും ഭംഗിയുള്ള ലേ-ഔട്ടിലും പറഞ്ഞുവച്ചിട്ടുള്ളത്.

ഇതിന് നേതൃത്വപരമായ പങ്ക് വഹിച്ച പ്രൊഫ. ഡോ. വി. വി. ഉണ്ണികൃഷ്ണനെയും അദ്ദേഹത്തിൻറെ ടീം അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം ഇതിൽ അടങ്ങിയിട്ടുള്ള അക്കാദമിക്ക് കാഴ്ചപാടുകളെ കൃത്യമായി തിരിച്ചറിഞ്ഞ് സർവ്വകലാശാലയുടെ സമഗ്രമായ വികാസത്തിന് ഉപയുക്തമാകട്ടെ എന്ന് ആശംസിക്കുന്നു.

**പ്രൊഫ. ഡോ. എം കെ സി നായർ**
**മുൻ വൈസ് ചാൻസിലർ**



## പ്രൊഫ. ഡോ. സി.പി. വിജയൻ
## പ്രൊ.വൈസ് ചാൻസിലർ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സംഭവ ബഹുലമായ ഒരു അർദ്ധ ദശകത്തിന്റെ നാൾവഴികളാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരോഗ്യ ശാസ്ത്ര രംഗവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇതൊരു നല്ല കൈപ്പുസ്തകമായിരിക്കും. ഈ പുസ്തകത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**പ്രൊഫ. ഡോ. സി.പി. വിജയൻ**
**പ്രൊ.വൈസ് ചാൻസിലർ**

---



## പ്രൊഫ. ഡോ. എ കെ മനോജ്കുമാർ
## രജിസ്ട്രാർ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കഴിഞ്ഞ 5 വർഷ കാലഘട്ടത്തിൽ ആർജ്ജിച്ച അക്കാദമികവും ഭരണപരമായ നേട്ടങ്ങളെയും പ്രധാന പ്രവർത്തനങ്ങളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള ഈ പ്രസിദ്ധീകരണം സർവ്വകലാശാലയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ഈ ഉദ്യമത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ ആശംസകൾ.

**പ്രൊഫ. ഡോ. എ കെ മനോജ്കുമാർ**
**രജിസ്ട്രാർ**



**പ്രൊഫ. ഡോ. എ നളിനാക്ഷൻ**
**മുൻ പ്രൊ.വൈസ് ചാൻസിലർ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമികമായ മുന്നേറ്റങ്ങളുടെ ഒരു നേർ രേഖയാണ് ഈ പുസ്തകത്തിലെ വിഷയങ്ങൾ എല്ലാം തന്നെയും. ഇവയുടെ ഉത്ഭവ കാലം മുതൽ ഇവയിൽ ഭാഗഭാക്കാകുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പുസ്തകത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പ്രൊഫ. ഡോ. എ നളിനാക്ഷൻ**
**മുൻ പ്രൊ.വൈസ് ചാൻസിലർ**

---



**പ്രൊഫ. ഡോ. എം കെ മംഗളം**
**മുൻ രജിസ്ട്രാർ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ വിവിധ പരിപാടികളെ കുറിച്ചുള്ള ലഘു വിവരണങ്ങൾ അടങ്ങിയ ഈ പുസ്തകത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**പ്രൊഫ. ഡോ. എം കെ മംഗളം**
**മുൻ രജിസ്ട്രാർ**

THANKS

# നന്ദി

കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാലയുടെ
ഡീൻ (അക്കാദമിക്) തലത്തിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള
ഒരു സംക്ഷിപ്ത വിവരണമാണ് ഈ പുസ്തകം.
ഇവയുടെ സാക്ഷാത്കാരത്തിനായി പ്രവർത്തിച്ച എല്ലാവരോടും
നന്ദി അറിയിക്കുന്നു.



# സൂചിക


| നം. | | ഉള്ളടക്കം |
|---|---|---|
| | | ആമുഖം: 'എന്റെ സർവകലാശാല'യ്ക്ക് |
| I | | അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളുടെ ശാക്തീകരണം |
| 1 | i | റെഗുലേഷനുകളുടെ പുനഃക്രമീകരണവും ഗസറ്റ് വിജ്ഞാപനവും |
| 2 | ii | സിലബസ് സംശോധനം |
| 3 | iii | അക്കാദമിക്ക് യോഗങ്ങളുടെ ക്രമീകരണങ്ങൾ : പുനരവലോകനം |
| 4 | iv | അക്കാദമിക് മോണിറ്ററിംഗ് സെൽ |
| 5 | v | ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ നിരീക്ഷണം |
| II | | അദ്ധ്യാപക വിവരശേഖരണവും പരിശീലന പരിപാടികളും |
| 6 | i | ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം (FEP) |
| 7 | ii | FEP ഡാറ്റയെ ഉപഭോക്തൃ സൗഹൃദമാക്കൽ |
| 8 | iii | ഫാക്കൽട്ടി അക്കാദമിക്ക് ക്രെഡിറ്റ് സിസ്റ്റം (FACS) |
| 9 | iv | മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ തയ്യാറാക്കൽ (MOOC) |

# സൂചിക


| നം. | | ഉള്ളടക്കം |
|---|---|---|
| 10 | v | ബെസ്റ്റ് ടീച്ചർ അവാർഡ് |
| 11 | vi | സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (സെന്ററുകൾ) വഴി നടത്തപ്പെടുന്നവ |
| 12 | vii | സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (അക്കാദമിക്ക് സ്റ്റാഫ് കോളേജ്) വഴി നടത്തപ്പെടുന്നവ |
| III | | വിദ്യാർത്ഥികൾക്കായുള്ള പരിപാടികൾ |
| 13 | i | പഠനോപാധികളുടെ രൂപകൽപ്പനയും നിർമ്മാണവും |
| 14 | ii | മൂഡിൽ പ്ലാറ്റ്ഫോമിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടി |
| IV | | സ്ഥാപന നിലവാരം മെച്ചപ്പെടുത്തൽ |
| 15 | i | അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കായുള്ള ഗുണനിലവാര പദ്ധതി |
| 16 | ii | ഗുണ നിലവാര പരിശോധകരുടെ പരിശീലന പരിപാടി |
| 17 | iii | QAS കൈപ്പുസ്തകം തയ്യാറാക്കൽ |
| 18 | iv | പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കൽ |
| V | | ഭരണ നിർവ്വഹണത്തിൽ പുതിയ ആശയങ്ങൾ ഉൾക്കൊള്ളിക്കൽ |
| 19 | i | 'സമഗ്രം' പദ്ധതി |
| 20 | ii | ക്വാളിറ്റി സർക്കിൾ |
| 21 | iii | പ്രോസസ് ഇവാല്യുവേഷൻ |

# സൂചിക


| നം. | | ഉള്ളടക്കം |
|---|---|---|
| 22 | iv | സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയേഴ്സ് തയ്യാറാക്കൽ (SOP) |
| 23 | v | സർവകലാശാലയുടെ പ്രവർത്തനപരിപ്രേക്ഷ്യം തയ്യാറാക്കൽ (ഓപ്പറേഷനൽ പേഴ്സ്പെക്ടീവ്സ്) |
| 24 | vi | സർവ്വകലാശാല ഭരണ - നിർവ്വഹണം എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ് പരിപാടി |
| VI | | പ്രത്യേകമായി ഏൽപിക്കപ്പെട്ട ചുമതലകൾ |
| 25 | i | സർവ്വകലാശാലയുടെ 3 സെന്ററുകളും അക്കാദമിക് സ്റ്റാഫ് കോളേജും (KUHS Centres) |
| 26 | ii | ഡിജിറ്റൽ ഇവാല്യുവേഷൻ |
| 27 | iii | സർവകലാശാലാ ഗീതം |
| 28 | iv | ഓൺലൈൻ വിദ്യാഭ്യാസ പോളിസി തയ്യാറാക്കാനുള്ള ചുമതല |
| VII | | പ്രസിദ്ധീകരണങ്ങൾ |
| 29 | i | അക്കാദമിക് മോണിറ്ററിംഗ് സെൽ കൈപ്പുസ്തകം |
| 30 | ii | യോഗ പരിശീലന കൈപ്പുസ്തകം |
| 31 | iii | ഹാപ്പനിംഗ്സ് പ്രസിദ്ധീകരണം |
| 32 | iv | ലേർണിംഗ്സ് ഫ്രം ലോക്ക്ഡൗൺ |
| 33 | v | മറ്റുപ്രസിദ്ധീകരണങ്ങൾ |

# സൂചിക


| നം. | | ഉള്ളടക്കം |
|---|---|---|
| VIII | | സർവകലാശാലകളും സ്ഥാപനങ്ങളുമായുള്ള സഹകരണം |
| 34 | i | കേരള കാർഷിക സർവകലാശാല |
| 35 | ii | ഐ ഐ എം കോഴിക്കോട് |
| 36 | iii | ഗവ: മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 37 | iv | ഗവ: നേഴ്സിംഗ് കോളേജ്, തൃശ്ശൂർ |
| 38 | v | ഗവ: മെഡിക്കൽ കോളേജ്, തൃശ്ശൂർ |
| 39 | vi | അമൃത വിശ്വവിദ്യാപീഠം, കൊച്ചി |
| 40 | vii | ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം |
| 41 | viii | വിദ്യാ അക്കാദമി ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, തൃശൂർ. |
| IX | | സാമൂഹിക ഇടപെടലുകൾ |
| 42 | i | ആരോഗ്യ വകുപ്പിലെ നേഴ്സുമാർക്ക് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ മേഖലയിൽ പരിശീലനം |
| 43 | ii | KUHS അപ്ഡേറ്റ്സ് സീരീസ് |
| X | | അനുബന്ധം |
| 44 | i | വിവിധ പരിപാടികളുടെ തൽസ്ഥിതി |
| | | എഴുതി നിർത്തുമ്പോൾ |

## ആമുഖം



ഡോ. വി.വി. ഉണ്ണിക്കൃഷ്ണൻ
ഡീൻ (അക്കാദമിക്ക്)

# 'എന്റെ സർവകലാശാലയ്ക്ക്'

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫിസിയോളജി വിഭാഗം അദ്ധ്യാപകൻ എന്ന നിലയിൽ നിന്നും, അന്ന് കേവലം ആറു വയസ്സു മാത്രം പിന്നിട്ട കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല എന്ന ഉന്നത സ്ഥാപനത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തനം മാറുമ്പോൾ എന്റെ ഉള്ളിൽ കടുത്ത അരക്ഷിതത്വ ബോധമായിരുന്നു മുന്നിട്ടു നിന്നത് എന്നു പറയാം. മെഡിക്കൽ അദ്ധ്യാപനത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമായ സർവകലാശാലാ മേഖലയിലേക്ക് പറിച്ചു നട്ടപ്പോഴുണ്ടായ ആ അവസ്ഥ ഇന്നും എനിക്ക് അന്യമല്ല തന്നെ!

അതിൽനിന്നും ഒരു പരിധിവരെ കരകയറാൻ, പരിണതപ്രജ്ഞരായ പല വ്യക്തികളും ഉപദേശ നിർദ്ദേശങ്ങൾ നൽകി സഹായിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ പേര് പ്രൊഫ. ഡോ. എം. കെ. സി. നായർ സാർ എന്ന ആരോഗ്യ സർവ്വകലാ ശാലയുടെ മുൻ വൈസ് ചാൻസലറുടേതാണ്. തുടർന്ന് ആ സ്ഥാനം ഏറ്റെടുത്ത പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ സാറും തന്നത് വലിയ പിന്തുണയാണ്. ഔദ്യോഗിക പ്രവർത്തനങ്ങളിൽ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തന്ന ആദരണീയരായ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ ഉൾപ്പെട്ട മേലുദ്യോഗസ്ഥരുടെയും, ദൈനംദിന ഭരണകാര്യങ്ങളിൽ സ്നേഹപൂർണമായ ഉപദേശങ്ങൾ നൽകിയ പ്രതിഭാസമ്പന്നരായ സഹപ്രവർത്തകരുടെയും കൂട്ടായ്മയിൽനിന്നും ഉരുത്തിരിഞ്ഞതാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഓരോന്നും. പൊതുവേ പറഞ്ഞാൽ പരസ്പരം ഉൾകൊള്ളാനും സഹകരിച്ചു പ്രവർത്തിക്കാനും പരസ്പര ധാരണയോടെയും സത്യസന്ധയോടെയും ആർജ്ജവത്തോടെയും മുന്നേറാനും ഇവർ ഓരോരുത്തരും സഹായിച്ചിട്ടുണ്ട്. Proactivity, Inclusiveness, Collaboration, Communication, Transparency, Honesty and Integrity എന്നിവയെല്ലാം ഇവരിൽ ഉൾക്കൊള്ളുന്ന പൊതുഗുണങ്ങളാണ്. അവരോടൊത്തു ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചതിൽ ഏറെ അഭിമാനിക്കുന്നു. ഇതിന് എന്റെ സഹപ്രവർത്തകരോടുള്ള നന്ദി വാക്കുകളിൽ എഴുതാവുന്നതിനും അപ്പുറമാണ്.



പൊതുവായി പറഞ്ഞാൽ, ഒരു സർവ്വകലാശാലയ്ക്ക് അഞ്ച് ഗുണഭോക്തൃ മേഖലകളുണ്ട് :

1. വിദ്യാർഥികൾ
2. അദ്ധ്യാപകർ
3. അഫിലിയേറ്റഡ് സ്ഥാപനങ്ങൾ
4. സർവ്വകലാശാലയുടെ ആന്തരിക ഭരണ സംവിധാനങ്ങൾ
5. പൊതുസമൂഹം എന്നിവയാണിവ.

ഈ മേഖലകളിലെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ആറുഭാഗങ്ങളായി നോക്കിക്കാണാം

1. വിദ്യാഭ്യാസ സംബന്ധമായ സേവനങ്ങൾ
2. ഗവേഷണം
3. ഭരണ നിർവ്വഹണം
4. നിയമങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നത് ഉറപ്പു വരുത്തൽ
5. പരീക്ഷാ നടത്തിപ്പ്, ബിരുദദാനം
6. ഗുണനിലവാര പരിപാലനം

ഈ അടിസ്ഥാന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ടാണ് ഇവയിൽ ഓരോന്നിലും ക്രിയാത്മകമായി ഇടപെടാൻ വേണ്ട പ്രവർത്തനങ്ങൾ ഡീൻ (അക്കാദമിക്) എന്ന നിലയിൽ നടത്താൻ ശ്രമിച്ചത്. ഇതിന്റെ രത്നച്ചുരുക്കമാണ് ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.


"ഇതൊരു കൂട്ടായ്മയുടെ ശ്രമഫലങ്ങളുടെ രേഖയാണെന്ന് ഊന്നിപ്പറയട്ടെ.
ഇതിനു സഹായിച്ച എല്ലാ സഹപ്രവർത്തകരോടും ഒരിക്കൽകൂടി നന്ദി പറയുന്നു."

**ഡോ. വി.വി. ഉണ്ണിക്കൃഷ്ണൻ**
**ഡീൻ (അക്കാദമിക്)**



# Activity Tree

## OFFICE OF THE DEAN [ACADEMIC]




# അക്കാദമിക്

## അടിസ്ഥാന സൗകര്യങ്ങൾ

### 1. റെഗുലേഷനുകളുടെ പുന:ക്രമീകരണവും ഗസറ്റ് വിജ്ഞാപനവും

2010-ൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല രൂപംകൊണ്ട പ്പോൾ, കേരളത്തിലെ അഞ്ചു സർവകലാശാലകളിലായി ചിതറിക്കിടന്നിരുന്ന കോളേജുകളെ ഒരൊറ്റ കുടക്കീഴിലേക്ക് കൊണ്ടുവരികയായിരുന്നു. ഇവിടങ്ങളിലെല്ലാം ഏകീകൃതമായ രീതിയിലല്ല പഠന പരിപാടികൾ നടത്തിയിരുന്നതു കാരണം, അവ പിൻതുടർന്നു വന്ന കോഴ്സ് റെഗുലേഷനുകൾ വ്യത്യസ്ത മായിരുന്നു. പഠനകാര്യങ്ങളിലും പരീക്ഷാ നടത്തിപ്പുകളിലും ഇത് വ്യാപകമായ അപചയങ്ങൾ ഉണ്ടാക്കി. ഗസറ്റ് ചെയ്യാത്തതിനാൽ നിയമപരമായും ഇത് സർവകലാശാലയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. അന്ന് നിലവിലുണ്ടായിരുന്ന 128 കോഴ്സ് റെഗുലേഷ നുകളെ വിശദമായി പഠിച്ച്, കൃത്യമായ ഒരു പാറ്റേണിലേക്ക് (ടെംപ്ലേറ്റ്) കൊണ്ടുവന്നു. ഇതിനായി സർവകലാശാലാ ഉദ്യോഗസ്ഥ രോടൊപ്പം വിവിധ പഠന ബോർഡുകളിൽ നിന്നും പുറത്തു നിന്നുള്ളവരുമായ വിദ്യാഭ്യാസവിദഗ്ദ്ധർ 8 മാസത്തോളം ഒറ്റമനസ്സോടെ പ്രവർത്തിച്ചു. നിയമജ്ഞരുടേതടക്കം എല്ലാ സമിതികളുടേയും, തുടർന്ന് സർക്കാരിന്റേയും അംഗീകാരം ലഭിച്ചതിനെത്തുടർന്ന് റെഗുലേഷനുകൾ ഗസറ്റ് ചെയ്തു. സർവകലാശാലയുടെ ആദ്യ സെനറ്റ് യോഗമാണ് റെഗുലേഷ നുകൾ അംഗീകരിച്ചത് എന്നതും പ്രസക്തമാണ്. ഇത് സർവക ലാശാലാ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.



കേരള സർക്കാർ
Government of Kerala
2018

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

Vol. VII | Thiruvananthapuram, Wednesday | 31st January 2018 / 17th Makaram 1193 / 11th Magha 1939 | No. 207

KERALA UNIVERSITY OF HEALTH SCIENCES

NOTIFICATION

No: 2891/AC1/GENA2/KUHS/2017. Thrissur, 9th January, 2018.

In exercise of the powers conferred by Chapter XXXVI of the First Statutes 2013 of the Kerala University of Health Sciences, the 17th Academic Council in its meeting held on 3-11-2017 vide item No. 17.05 made the General Course Regulations of B.Pharm, M.Pharm., Pharm-D, Pharm-D (PB) and M.Phil. Courses conducted by Kerala University of Health Sciences. The 42nd Governing Council Meeting held on 20-11-2017 has approved the same. The regulations were placed before the Senate at the meeting dated 29-11-2017.

It is hereby notified that the General Course Regulations of B.Pharm., M.Pharm., Pharm-D, Pharm-D (PB) and M.Phil. Courses conducted by Kerala University of Health Sciences as appended.

(54)
Registrar


# 2. സിലബസ് സംശോധനവും
## പുന:പ്രകാശനവും

കേരളത്തിലെ അഞ്ചു സർവകലാശാലകളിലായി ചിതറിക്കിടന്നിരുന്ന കോളേജുകളെ ഒരൊറ്റ കുടക്കീഴിലേക്ക് കൊണ്ടുവരികയായിരുന്നു. ഇവിടങ്ങളിലെല്ലാം ഏകീകൃതമായ രീതിയിലല്ല പഠനപരിപാടികൾ നടത്തിയിരുന്നത്. അവ പിൻതുടർന്നു വന്ന സിലബസ്സുകളും വ്യത്യസ്ഥമായിരുന്നു. പഠന കാര്യങ്ങളിലും പരീക്ഷാ നടത്തിപ്പുകളിലും ഇത് വ്യാപകമായ അപചയങ്ങൾ ഉണ്ടാക്കി. സർവോപരി, ഇവയിൽ അപൂർണതകളും കുറവല്ലാത്ത അച്ചടിപ്പിശകുകളും ഉണ്ടായിരുന്നു. ഇത് തിരിച്ചറിഞ്ഞ വൈസ് ചാൻസിലർ, സിലബസ്സുകൾ വിശദമായി പഠനവിധേയമാക്കി, സംശോധനം ചെയ്ത്, കൃത്യമായ ഒരു ചട്ടക്കൂടിലേക്ക് (ടെംപ്ലേറ്റ്) കൊണ്ടുവരാനും, അച്ചടിപ്പിശകുകൾ തീർത്ത്, പുന: പ്രസിദ്ധീകരിക്കാനും ഡീൻ (അക്കാദമിക്) നെ ചുമതലപ്പെടുത്തി. ഇതിനായി സർവകലാശാലാ പഠന ബോർഡുകളിലെയും പുറത്തു നിന്നുമുള്ള വിദ്യാഭ്യാസ വിദഗ്ധർ 2 മാസത്തോളം പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാർഥികളെക്കൂടി ഇത്തരം ഒരു ഉദ്യമത്തിൽ പങ്കെടുപ്പിച്ചു എന്നത് ഒരു പക്ഷേ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും. തുടർന്ന് സിലബസ്സുകൾ സർവകലാശാലാ വെബ്സൈറ്റിൽ ചേർക്കുകയും ചെയ്തു.









# 3. അക്കാദമിക്ക് യോഗങ്ങളുടെ ക്രമീകരണങ്ങൾ: പുനരവലോകനം

ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽട്ടി, അക്കാദമിക്ക് കൗൺസിൽ തുടങ്ങിയ അക്കാദമിക്ക് കമ്മിറ്റികൾ സർവ കലാശാലാ പ്രവർത്തനങ്ങളുടെ അടിസ്ഥാനശിലകളാണ്. ഇവയുടെ യോഗങ്ങൾ സമയബന്ധിതമായി നടത്തപ്പെടുകയും യോഗ നടപടികൾ കൃത്യമായി മിനിറ്റ് ചെയ്യപ്പെടുകയും, അവയുടെ തീരുമാനങ്ങൾ നടപ്പാക്കപ്പെടുകയും ചെയ്യേണ്ടതു ണ്ട്.




ഒന്നര വർഷത്തെ വിശദമായ പഠനത്തിനുശേഷം, (അതായത്, ബോർഡുകളുടെ 3 വർഷത്തെ കാലാവധിയുടെ പകുതിയോളം) മിനിറ്റ്സ് അടക്കമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ, പഠനബോർഡുകൾ, ഫാക്കൽട്ടികൾ എന്നിവ യുടെ പ്രവർത്തനം ഒരിക്കൽക്കൂടി വിലയിരു ത്തുകയും, അംഗങ്ങളുടെകൂടി സഹകരണ ത്തോടെ ഈ കണ്ടെത്തലുകൾ ക്രോഡീകരിച്ച് വേണ്ട മാർഗ നിർദ്ദേശങ്ങളുടെ കരട് അക്കാദമിക്ക് കൗൺസിലിനു മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഇത് 24-ാമത് അക്കാദമിക്ക് കൗൺസിൽ അംഗീകരിച്ചു.

ഈ പ്രവർത്തനങ്ങൾ പല വിഭാഗങ്ങളിലും ഒരേ രീതിയിലല്ല നടപ്പാക്കപ്പെട്ടിരുന്നത് എന്നു കണ്ടെത്തി. അത് സ്ഥാപന ത്തിന്റെ അക്കാദമികമായ കാര്യക്ഷമതയെ ബാധിച്ചിരുന്നു. ഈ യോഗങ്ങളുടെ നടത്തിപ്പിനായി അംഗങ്ങൾക്കും, സർവകലാ ശാലയിലെ സെക്ഷനുകൾക്കും ഒരു മാർഗനിർദ്ദേശ പത്രിക തയ്യാറാക്കി. മിനിറ്റ്സ്, ഇലക്ട്രോണിക്ക് രേഖകളായി സൂക്ഷി ക്കാനുള്ള മാർഗനിർദ്ദേശങ്ങൾ (ഫയലുകളുടെ നാമകരണ ത്തിനു വേണ്ടതടക്കം) അതിൽ ചേർത്തിട്ടുണ്ട്.

ബോർഡ്സ് ഓഫ് സ്റ്റഡീസ് പുനഃസംഘടിപ്പിച്ചപ്പോൾ, അവയിലെ അംഗങ്ങൾക്ക് ഓറിയന്റേഷൻ പരിപാടികൾ നടത്തി, അവരുടെ പ്രവർത്തനത്തെക്കുറിച്ചും, ഉത്തരവാദിത്വ ങ്ങളെക്കുറിച്ചും വിശദീകരിച്ചുകൊണ്ടുള്ള യോഗം സംഘടി പ്പിച്ചു.



# 4. അക്കാദമിക് മോണിറ്ററിംഗ് സെൽ



ACADEMIC MONITORING CELL

Show 50 entries  Search:

| # | College Name | Total Courses | Entry Completed | Balance |
|---|---|---|---|---|
| 1 | AM001 Ahalia Ayurveda Medical College, Palakkad | 1 | 1 | 0 |
| 2 | AM005 KMCT Ayurveda Medical College, Kozhikkode | 1 | 1 | 0 |
| 3 | AM007 Nangelil Ayurveda Medical College, Kothamangalam, Ernakulam. | 1 | 1 | 0 |
| 4 | AM008 P N Panicker Souhruda Ayurveda Medical College, Kasargod | 1 | 1 | 0 |
| 5 | AM012 Santhigiri Ayurveda Medical College, Palakkad | 1 | 1 | 0 |
| 6 | AM016 Vishnu Ayurveda College, Shoranur | 1 | 1 | 0 |
| 7 | MD001 Al-Azhar Dental College, Thodupuzha | 1 | 1 | 0 |




KERALA UNIVERSITY OF HEALTH SCIENCES

INTERNAL ACADEMIC AUDIT PROFORMA [For the period from April to september/ October to march]

College : Ezhuthachan College of Pharmaceutical Sciences, Thiruvananthapuram CIN : MP007

Course : M Pharm - Pharmaceutics

| PARAMETERS | YES / NO | DETAILS |
|---|---|---|
| TRAINING | | |
| 1 Master Time Table Published | YES | |
| 2 Annual Academic Plan is prepared | NO | |
| 3 Monthly Academic Plan Is Prepared | YES | |
| 4 Monthly Academic Report Is Prepared | NO | |
| 5 Theory & practical/Lab/Clinical work status is satisfactory | YES | |
| 6 Student projects are progressing as per schedule | YES | |
| 7 Professional / Industrial Interaction conducted [whether applicable] | NO | |
| 8 Net based learning is being practiced | NO | |
| 9 Community academic programs are progressing as per schedule | YES | |
| FACULTY DEVELOPMENT & STUDENT ASSESSMENT | | |



INTERNAL ACADEMIC AUDIT PROFORMA

For the period 2017-18 Term 1

[Submit One proforma for each course/program of the Institution]

188 - Ezhuthachan College of Pharmaceutical Sciences, Thiruvananthapuram

Entry Completed · Entry Started but Not Completed · Entry Not Started

* You can take printout of the form after final submit by clicking on the corresponding course name.

B Pharm · B Pharm (Lateral Entry) · M Pharm - Pharmaceutics · M Pharm - Pharmaceutical Chemistry · M Pharm - Pharmacology · Pharm D · M.Pharm Pharmaceutics & Pharmacology

പാഠ്യ വിഷയങ്ങളിലും, അദ്ധ്യാപനത്തിലും പരീക്ഷാ നടത്തിപ്പിലും സർവകലാശാല പലതരത്തിലുള്ള നിബന്ധനകളും നിയമങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അവ പാലിക്കപ്പെടുന്നുണ്ട് എന്നുറപ്പു വരുത്താൻ കുറ്റമറ്റ ഒരു സംവിധാനവും ഇല്ല. ഇതിനാൽ തന്നെ, അദ്ധ്യാപനം സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും വിവിധ തരത്തിലുള്ള പരാതികൾ ലഭിക്കാറുണ്ട്. ഈ അവസ്ഥയ്ക്ക് ഒരു ക്രിയാത്മക പരിഹാരമാണ് അക്കാദമിക്ക് മോണിറ്ററിംഗ് സെൽ. ഇതൊരു ദ്വിതല നിരീക്ഷണ സംവിധാനമാണ്. കോളേജുകളിലെ പഠന കാര്യങ്ങളും, അദ്ധ്യാപനവും പരീക്ഷാ നടത്തിപ്പും അവിടെ രൂപവൽക്കരിച്ച ഇൻസ്റ്റിറ്റ്യൂഷനൽ അക്കാദമിക്ക് കമ്മിറ്റി (IEC) നിരന്തരം നിരീക്ഷിക്കുകയും, അങ്ങനെ ലഭിക്കുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുന്നു. ഇത്തരം കമ്മിറ്റികൾ വൈസ് പ്രിൻസിപ്പൽമാരുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തിക്കുന്നത്. 6 മാസത്തിലൊരിക്കൽ ഈ കമ്മിറ്റി സർവകലാശാലയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള അക്കാദമിക്ക് മോണിറ്ററിംഗ് സെല്ലിലേക്ക് (AMC) ഇതിനായി സർവ്വകലാശാല രൂപകൽപ്പന ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയറിന്റെ ഇലക്ട്രോണിക് ഡാഷ്ബോർഡ് വഴി റിപ്പോർട്ട് സമർപ്പിക്കുന്നു. ഈ റിപ്പോർട്ട് AMC അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. IEC റിപ്പോർട്ടുകൾ അഫിലിയേഷൻ ഇൻസ്പെക്ഷൻ സമയത്ത് ആവശ്യമെങ്കിൽ പരിശോധകർക്ക് പരിശോധിക്കാം. അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സുപ്രധാനമായ ഒരു കാൽവെപ്പാണിത്.

# 5. ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ നിരീക്ഷണം

ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ നടത്തിപ്പിന്റെ സർവ്വകലാശാല വിദ്യാർത്ഥികൾ, അധ്യാപകർ, പ്രിൻസിപ്പൽമാർ, മാനേജ്മെന്റ് പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവർക്കിടയിൽ സർവേ നടത്തി. ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ നടത്തിപ്പിന്റെ നിരീക്ഷണം ഏറെ പ്രധാനപ്പെട്ട ഒന്നാണ് എന്നു മനസ്സിലാക്കി. കോവിഡ് കാലഘട്ടത്തിൽ ഇതിനായി ഒരുക്കിയത് ത്രിതല സംവിധാനമാണ്. ആദ്യ തലത്തിൽ പ്രിൻസിപ്പൽ തന്റെ കോളേജിലെ ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ കൃത്യവും സമയബന്ധിതവുമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നു. ഓരോ ആഴ്ച്ചയിലും ഇതു സംബന്ധിച്ച റിപ്പോർട്ട് ആ കോളേജ് ഉൾപ്പെടുന്ന ഫാക്കൽട്ടിയുടെ ഡീനിന് അയയ്ക്കുന്നു. ഇതാണ് രണ്ടാമത്തെ തലം. മൂന്നാമത്തെ തലത്തിൽ, ഫാക്കൽട്ടി ഡീൻമാർ, സർവകലാശാലയുടെ അക്കാദമിക്ക് ഡീനിന് റിപ്പോർട്ട് അയയ്ക്കുന്നു. ഓൺലൈൻ വിദ്യാഭ്യാസ പരിപാടികൾ നല്ല രീതിയിൽ നടക്കാൻ തുടങ്ങിയതോടെ രണ്ടും മൂന്നും തലങ്ങളിലെ റിപ്പോർട്ടിംഗ്, മാസത്തിൽ ഒന്ന് എന്നാക്കി മാറ്റിയിട്ടുണ്ട്.

**COLLEGE OF PHARMACEUTICAL SCIENCES, GOVT. MEDICAL COLLEGE, THIRUVANANTHAPURAM**

**WEEKLY REPORT OF ONLINE CLASSES- 7th SEMESTER B PHARM 2020 BATCH**

**PERIOD : 01-10-2020 TO 31-10-2020**

| DATES | SUBJECT | TIME | TOPICS COVERED | ATTENDANCE % | FACULTY | PLATFORM USED |
|---|---|---|---|---|---|---|
| 01-10-2020 | NOVEL DRUG DELIVERY SYSTEM | 3.30-5 PM | Transdermal DDS-2 | 90 | DR. DILEEP K J | GOOGLE MEET |
| 03-10-2020 | INDUSTRIAL PHARMACY | 2.30-3.30PM | Transfer technology barriers, approved regulatory bodies and agencies | 94 | SMT. GEETHA V S | GOOGLE MEET |
| 03-10-2020 | INSTRUMENTAL METHODS OF ANALYSIS | 11-12PM | HPLC theory, Instrumentation | 81 | SMT.GEETHA P NAIR | GOOGLE MEET |
| 06/10/2020 | INSTRUMENTAL METHODS OF ANALYSIS | 10-11 AM | IR SPECTROSCOPY | 90 | DR.JOSE KURIEN | GOOGLE MEET |
| 07/10/2020 | INDUSTRIAL PHARMACY | 3-4 PM | Unit III Role of regulatory affairs dept., responsibility of regulatory affairs professionals | 90 | SMT. ROMA MATHEW | GOOGLE MEET |
| 10-10-2020 | INSTRUMENTAL METHODS OF ANALYSIS | 11-12PM | HPLC Instrumentation, advantages, applications | 83.6 | SMT.GEETHA P NAIR | GOOGLE MEET |
| 20/10/2020 | INSTRUMENTAL METHODS OF ANALYSIS | 3-4 PM | UV VISIBLE SPECTROSCOPY, ONLINE MCQ EXAMINATION | 84 | DR.JOSE KURIEN | GOOGLE MEET |
| 27/10/2020 | INSTRUMENTAL METHODS OF ANALYSIS | 3-4 PM | Fluorimetry, online MCQ examination | 87 | DR.JOSE KURIEN | GOOGLE FORM |
| 29/10/2020 | INDUSTRIAL PHARMACY | 3-4 PM | Unit III General considerations of INDA | 70 | SMT. ROMA MATHEW | GOOGLE MEET |
| 31-10-2020 | INSTRUMENTAL METHODS OF ANALYSIS | 11-12PM | Gas chromatography-instrumentation | 70.4 | SMT.GEETHA P NAIR | GOOGLE MEET |

**KERALA UNIVERSITY OF HEALTH SCIENCES**

**MONTHLY REPORT OF ONLINE ACADEMIC PROGRAMS TO FACULTY DEANS**

Name of Institution: College ID: Month :

Name of the course: Year:

(Please use separate sheet for each course and year eg. I, II, III, IV B.Sc Nursing , PBBSC Nursing and MSc Nursing. )

| Subject | Hours per Week | | | | | % of attendance | Remarks |
|---|---|---|---|---|---|---|---|
| | Week 1 | Week 2 | Week 3 | Week 4 | Week 5 | | |
| | | | | | | | |


Office Seal

Name & Signature of Principal with Date

# II. അദ്ധ്യാപക ക്ഷേമ പരിശീലന പരിപാടികൾ


## 1. ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം (FEP)

KUHS മായി അഫിലിയേറ്റ് ചെയ്ത സർക്കാർ സ്വകാര്യ - സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക്, ആത്മാഭിമാനത്തോടെ 'ഞാനൊരു കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലാ അദ്ധ്യാപകനാണ്' എന്ന് തലയുയർത്തി നിന്ന് പറയാൻ ധൈര്യം നൽകിയത് ഫാക്കൽറ്റി യുണീക്ക് ഐ ഡി ആണ്. ഒരു പക്ഷേ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല ഏറ്റെടുത്ത ഏറ്റവും ബൃഹത്തായ അദ്ധ്യാപകസംബന്ധിയായ പരിപാടിയും ഇതാണ്. 14000 - ത്തോളം അദ്ധ്യാപകർക്ക്, അവരുടെ അടിസ്ഥാന രേഖകളുടെ ഒറ്റത്തവണ വെരിഫിക്കേഷനു ശേഷം ഫാക്കൽറ്റി യുണീക്ക് ഐ ഡി നമ്പർ നൽകി. ഈ യുണീക്ക് ഐ ഡി ആധാർ, പാൻ കാർഡുകളുമായി ലിങ്ക് ചെയ്തിരിക്കുന്നതിനാൽ വിശ്വാസ്യത ഏറെയാണ്. പഠന - ഗവേഷണ രംഗത്തും, പരീക്ഷാ ജോലികളിലും, പുരസ്കാരങ്ങൾ നൽകുന്നതിലും കൃത്യതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് ഇത് സഹായിക്കുന്നു. ഈ കാർഡിലെ ക്യു.ആർ കോഡ് സ്കാൻ ചെയ്താൽ ഏകീകൃത പോർട്ടൽ വഴി സർവകലാശാലയ്ക്ക് ഇവരെ തിരിച്ചറിഞ്ഞ് സ്ഥാപനങ്ങളിൽ അഫിലിയേഷൻ പരിശോധന കാര്യക്ഷമമാക്കുന്നതിനും, പരീക്ഷാ ജോലികളിലെ വേതന വിതരണമടക്കമുള്ള സാമ്പത്തിക കാര്യങ്ങൾ സുതാര്യമാക്കുന്നതിനും, വേഗത വർദ്ധിപ്പിക്കുന്നതിനും ഈ യുണീക്ക് ഐ ഡി മൂലം സാധ്യമാകുന്നു. അഫിലിയേഷൻ ഇൻസ്പെക്ഷൻ, പരീക്ഷ, ഗവേഷണം, അവാർഡുകൾ എന്നിവക്ക് യുണീക്ക് ഐഡി നിർബന്ധമാക്കിത്തുടങ്ങിയിട്ടുണ്ട്.



# 2. FEP ഡാറ്റയെ ഉപഭോക്തൃസൗഹൃദമാക്കൽ





സർവകലാശാലയുടെ ബൃഹദ് പദ്ധതിയായ ഫാക്കൽറ്റിഎൻറോൾമെന്റ് പ്രോഗ്രാമിലൂടെ 14000-ത്തോളം അദ്ധ്യാപകരുടെ വിവരശേഖരണം നടത്തി, അവർക്ക് യുണീക്ക് ഐ.ഡി നൽകുകയുമുണ്ടായി. ക്യൂ ആർ കോഡ് ഉല്ലേഖനം ചെയ്ത കാർഡുകളും വിതരണം തുടങ്ങിക്കഴിഞ്ഞു. FEP ഡാറ്റയുടെ കൃത്യതയോടെയുള്ള ഉപയോഗം അക്കാദമിക്ക്, പരീക്ഷ, റിസർച്ച് എന്നീ വിഭാഗങ്ങളുടെ പ്രവർത്തന മികവിന് അത്യന്താപേക്ഷിതമാണ്. ഉദാഹരണത്തിന്, അഫിലിയേഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി പോകേണ്ട ഇൻസ്പെക്റ്റർമാരെ നിശ്ചയിക്കുക, സോൺ തിരിച്ച് പരീക്ഷകരെയും പരീക്ഷാ ഒബ്സർവർമാരേയും നിയമിക്കുക, ഇവാല്യുവേഷൻ ജോലിക്ക് അദ്ധ്യാപകരെ നിയമിക്കുക, ഗവേഷണ സംബന്ധിയായ പ്രവർത്തനങ്ങൾക്ക് വേണ്ട ഗൈഡുമാരെ നിയമിക്കുക എന്നിങ്ങനെ, അതാതു വിഭാഗങ്ങളിലെ അസിസ്റ്റന്റുമാർക്ക് ചെയ്യേണ്ട ഭാരിച്ചതും ഉത്തരവാദപ്പെട്ടതുമായ ജോലികൾ എളുപ്പമാക്കുന്നതിന് FEP ഡാറ്റ വിരൽത്തുമ്പിൽ എത്തിക്കുക എന്നതാണ് IT Customization of FEP Data എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവകലാശാലയുടെ IT വിഭാഗം രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയറിലെ ഫിൽറ്ററിംഗ് സംവിധാനം വഴി, അസിസ്റ്റന്റുമാരുടെ കമ്പ്യൂട്ടർ സ്ക്രീനിലേക്ക് ഇത്തരത്തിൽ ഡാറ്റ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് എളുപ്പത്തിൽ മനസ്സിലാക്കാൻ ചെറു വീഡിയോകൾ തയ്യാറാക്കി ഓരോ സെക്ഷനിലും ലഭ്യമാക്കിയിട്ടുമുണ്ട്. FEP Data യുടെ സർവകലാശാലയിലെ ക്രിയാത്മകമായ ഉപയോഗം IT Customization of FEP എന്നതുകൊണ്ട് സാധൂകരിക്കപ്പെടുന്നു.

# 3. ഫാക്കൽട്ടി അക്കാദമിക്ക് ക്രെഡിറ്റ് സിസ്റ്റം (FACS)

അദ്ധ്യാപകരുടെ വിവിധ മേഖലകളിലുള്ള പ്രാഗൽഭ്യം കണ്ടെത്തി, അവർക്ക് അർഹമായ അംഗീകാരം ക്രെഡിറ്റ് പോയിന്റുകളായി നൽകുക എന്നതാണ് ഈ പരിപാടി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി അദ്ധ്യാപന-അദ്ധ്യാപനേതര മേഖലകളിൽ മികവുകൾ കണ്ടെത്താനും ഇവയ്ക്ക് ക്രെഡിറ്റ് പോയിന്റുകൾ നിശ്ചയിക്കാനുമായി സർവകലാശാലയുടെ വിവിധ സ്ട്രീമുകളിലെ വിദഗ്ധരടങ്ങിയ ഒരു സമിതി രൂപീകരിക്കുകയും, ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അക്കാദമിക്ക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ എന്നിവയിൽ അവതരിപ്പിച്ച് പോയിന്റുകൾ നിശ്ചയിക്കാനുമായി സർവക ലാശാലയുടെ വിവിധ സ്ട്രീമുകളിലെ വിദഗ്ധരടങ്ങിയ ഒരു സമിതി രൂപീകരിക്കുകയും, ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അക്കാദമിക്ക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ എന്നിവയിൽ അവതരിപ്പിച്ച അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.








Fig1.2: Academic data filling form of FACS faculty module

56-മതു ഗവേണിംഗ് കൗൺസിൽ, ഇത് 'സമഗ്രം' പദ്ധതിയുടെ 'കോംപ്രിഹെൻസീവ് അക്കാദമിക്ക് പാക്കേജിൽ' ഉൾപ്പെടുത്തി, ഫാക്കൽട്ടി യുണീക്ക് ഐഡിയുമായി ബന്ധിപ്പിച്ച് ഇത് നടപ്പാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു വേണ്ട ഐ.ടി സംവിധാനം വികസിപ്പിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ബെസ്റ്റ് ടീച്ചർ അവാർഡുകൾ അടക്കമുള്ള അദ്ധ്യാപന മികവിനുള്ള അംഗീകാരങ്ങൾ, സുതാര്യവും മാനദണ്ഡങ്ങൾ പാലിച്ചും നടപ്പാക്കാൻ ഇതുമൂലം സാധിക്കും.

# 4. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ (MOOC) തയ്യാറാക്കൽ



ലോകമെമ്പാടും 2012 മുതൽ ഓൺലൈൻ അദ്ധ്യയനത്തിന് ഉപയോഗിക്കുന്ന മാർഗങ്ങളിൽ ഒന്നാണ് മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ, അഥവാ, MOOC. എണ്ണത്തിൽ അധികം ഉള്ള പഠിതാക്കളെ വിവിധ വിഷയങ്ങൾ പഠിപ്പിക്കാം എന്നതാണ് ഇത്തരം കോഴ്സുകളുടെ ഗുണം. മൂഡിൽ പ്ലാറ്റ്ഫോമിൽ ഇത്തരം കോഴ്സുകൾ നടത്താം. ആദ്യത്തെ MOOC കോഴ്സായി, Certificate Program in Health Science Education Technology (CHSET) ആരംഭിച്ചു. ഇത് സർവകലാശാലയുടെ ഒരു പ്രധാന കാൽവെപ്പാണ്. സ്കൂളുകളൂടേയും സെന്ററുകളുടേയും ആഭിമുഖ്യത്തിൽ നടന്നിരുന്ന വിവിധ കോഴ്സുകൾ ഇനി മുതൽ മൂഡിൽ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവന്ന്, MOOC കോഴ്സുകളായി നടത്തുന്നതിനുള്ള ഊർജിത ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

**MODEL SELF LEARNING PROGRAM വഴി 3200-ൽ പരം അദ്ധ്യാപകരെ പരിശീലിപ്പിച്ചു കഴിഞ്ഞു**



# 5. ബെസ്റ്റ് ടീച്ചർ അവാർഡ്

സുതാര്യവും സുവ്യക്തവുമായ മാനദണ്ഡങ്ങൾ ക്കനുസരിച്ച് അദ്ധ്യാപന മികവിനെ അംഗീകരി ക്കാനായി കേരള ആരോഗ്യ ശാസ്ത്ര സർവക ലാശാല എല്ലാ വർഷവും ഏഴ് ശാസ്ത്ര ശാ ഖകിലും ബെസ്റ്റ് ടീച്ചർ അവാർഡ് നൽകി വരുന്നുണ്ട്. അദ്ധ്യാപകർക്ക് നേരിട്ടോ, മറ്റു വ്യക്തികൾ/ സംഘടനകൾ എന്നിവയിലൂടെയോ അവാർഡിന് അപേക്ഷിക്കാം. ഇതിന്റെ മൂല്യ നിർണയത്തിനായി പ്രോ വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് മൂല്യ നിർണയം നടത്തിയ പ്രകാരം, വൈസ് ചാൻസിലർ അവാർഡ് പ്രഖ്യാപിക്കുന്നു. 2018 മുതൽ അവാർഡുകൾ ഉജ്ജ്വലമായ ഒരു ചടങ്ങിൽ വച്ച് സമ്മാനിച്ചു വരുന്നു. ഈ പുതിയ കാൽവെപ്പ് അദ്ധ്യാപകരിൽ ഗുണനിലവാരം സംബന്ധിച്ച ഒരു പുതിയ ഉണർവു പകർന്നിട്ടുണ്ട്.






Best
TEACHER
AWARD

# 6. സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (സെന്ററുകൾ)

സർവകലാശാലയുടെ എട്ടു സെന്ററുകളിൽ 3 എണ്ണത്തിന്റെ ചുമതല ഡീൻ (അക്കാദമിക്ക്) ആണ് വഹിച്ചിരുന്നത്. സിമുലേഷൻ, ബേസിക് സയൻസസ്, ഡിസെബിലിറ്റി സ്റ്റഡീസ് എന്നീ സെന്ററുകളിലൂടെ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കായി 5 സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ നടത്തി, 400-ഓളം അദ്ധ്യാപകരെ പരിശീലിപ്പിച്ചു. ഇവർ തിരിച്ചു ചെന്ന് അതാതു മേഖലകളിൽ തുടർ പഠനങ്ങൾ നടത്തുവാനുള്ള പ്രോൽസാഹനം നൽകുകയും ചെയ്തു.



# 7. സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (അക്കാദമിക്ക് സ്റ്റാഫ് കോളേജ്)

സർവകലാശാലയുടെ നാലു സ്കൂളുകളിൽ ഒന്നായ അക്കാദമിക്ക് സ്റ്റാഫ് കോളേജിന്റെ ചുമതല ഡീൻ (അക്കാദമിക്ക്) ആണ് വഹിച്ചിരുന്നത്. ഇതിനു കീഴിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ 350-ഓളം അദ്ധ്യാപകർക്കായി എഡ്യുക്കേഷൻ ടെക്നോളജിയിൽ രണ്ടു ബാച്ചുകളിലായി 6, 3 മാസങ്ങൾ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളും, സർവകലാശാലാ ജീവനക്കാർക്കുവേണ്ടി യൂണിവേഴ്സിറ്റി ഭരണ കാര്യങ്ങളിലും മാനേജ്മെന്റിലുമുള്ള 6 മാസത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളും നടത്തി. ഇത്തരം ഒരു പഠനപരിപാടി യൂണിവേഴ്സിറ്റികളിൽ ആദ്യമായിട്ടാണ് നടത്തപ്പെടുന്നത്.







KERALA UNIVERSITY OF HEALTH SCIENCES

Thrissur, Kerala

Certificate

This is to Certify that Mr./Ms./ Dr. ..................................................

has participated in the ..................................................

.................................................. on .. / .. /20.. as Resource Person. This Certificate is being issued in appreciation of the academic contributions made.

Convenor

Registrar

# III. വിദ്യാർത്ഥികൾക്കായുള്ള പരിപാടികൾ


## 1. പഠനോപാധികളുടെ രൂപകൽപ്പനയും നിർമ്മാണവും



ആരോഗ്യശാസ്ത്ര കോഴ്സുകളിൽ ആദ്യമായി ചേരുന്ന വിദ്യാർഥികൾക്ക്, പ്രത്യേകിച്ച് മലയാളം മീഡിയത്തിൽ നിന്നും വരുന്നവർക്ക്, അടിസ്ഥാന വിഷയങ്ങളുടെ പാഠഭാഗങ്ങൾ ഉൾക്കൊള്ളുന്ന ആദ്യ സെമസ്റ്ററുകൾ വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്. ഇത് മാനസിക പ്രശ്നങ്ങളിലേക്കും അപൂർവമായി കോഴ്സിൽ നിന്നും പുറത്തു പോകുന്നതിനും വഴി വയ്ക്കാറുണ്ടെന്നതും ഒരു സത്യമാണ്. ഈ യാഥാർത്ഥ്യം കണക്കിലെടുത്ത് ഒന്നാം വർഷത്തേക്കു വേണ്ട പാഠങ്ങൾ, നോട്ടുകൾ, ചോദ്യോത്തരങ്ങൾ, പഠിപ്പിക്കാൻ ആവശ്യമായ ലെസൻ പ്ലാൻ, ക്ലാസിൽ പ്രദർശിപ്പിക്കാൻ വേണ്ട 'പവർപോയിന്റ്' സ്ലൈഡുകൾ എന്നിവ അടങ്ങുന്ന പാക്കേജ് തയ്യാറാക്കാൻ അദ്ധ്യാപകരെ പരിശീലിപ്പിക്കാൻ ലക്ഷ്യമിടുന്ന ഒരു ബൃഹത്തായ പദ്ധതി സർവകലാശാല തയ്യാറാക്കിയിരുന്നു. എല്ലാ സ്ട്രീമിൽ നിന്നും വന്ന അദ്ധ്യാപകർക്ക്, ഇതു സംബന്ധിച്ച രണ്ടു ദിവസത്തെ പ്രാഥമിക പരിശീലന ശിൽപ്പശാല അമൃതാ യൂണിവേഴ്സിറ്റി യുമായി സഹകരിച്ച്, സർവകലാശാലാ ആസ്ഥാനത്തുവച്ച് രണ്ടു ബാച്ചുകളിലായി നടത്തിയിരുന്നു. അതിനുശേഷം, അക്കാദമിക്ക് കൗൺസിലിന്റെ നിർദ്ദേശപ്രകാരം ഇത് വിവിധ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചുമതലയിലേക്ക് മാറ്റുകയും, പിന്നീട് ഫാക്കൽട്ടി ഡീൻമാരോട് ഇതിനു നേതൃത്വം നൽകാൻ അന്നത്തെ വൈസ് ചാൻസിലർ ആവശ്യപ്പെടുകയും ചെയ്തു. വരും കാലങ്ങളിൽ മൂഡിൽ പ്ലാറ്റ്ഫോമിൽ ഇവ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു.

# 2. മൂഡിൽ പ്ലാറ്റ്ഫോമിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടി

കോവിഡ്-19 നമ്മുടെ വിദ്യാഭ്യാസ മേഖലയെ മൊത്തത്തിൽ തകർച്ചയുടെ വക്കിലേക്കെത്തിച്ചു എന്നു പറയാം. ലോക്ക് ഡൗണുകൾ മൂലം വിദ്യാർഥികളുടേയും അദ്ധ്യാപകരുടേയും രോഗികളുടേയും റോഡ്, റെയിൽ, വിമാന യാത്രകൾ മുടങ്ങുകയും, കോവിഡ് ആശുപത്രികളും ക്വാറന്റൈൻ സെന്ററുകളുമായി മാറ്റിയതിനെത്തുടർന്ന് ആരോഗ്യ ശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടേണ്ടി വരികയും ചെയ്തു. വീടുകളിൽ അടച്ചിരിക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് പഠനം മുടങ്ങുന്ന അവസ്ഥ ഉണ്ടായപ്പോൾ നമ്മുടെ സർവകലാശാല ഓൺലൈൻ വിദ്യാഭ്യാസത്തിലേക്ക് നീങ്ങാൻ വേണ്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും, വിശദമായ പഠനങ്ങൾക്കു ശേഷം അതിനായി മൂഡിൽ എന്ന, സൗജന്യ ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. 740-ഓളം അദ്ധ്യാപകരെ ഈ ആവശ്യത്തിനായി ട്രെയ്നിംഗ് ഓഫ് ട്രെയിനേഴ്സ് [TOT] അടിസ്ഥാനത്തിൽ ഓൺലൈൻ ആയി ഇതേ പ്ലാറ്റ്ഫോമിൽ പരിശീലിപ്പിച്ചു.









അതിനുവേണ്ട 30-ൽ അധികം പഠനവീഡിയോകൾ സ്വന്തമായിത്തന്നെ നിർമ്മിച്ച് സൗജന്യമായി അദ്ധ്യാപകർക്ക് ലഭ്യമാക്കി. ഇതു സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സെനറ്റ്, അക്കാദമിക്ക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ, പ്രിൻസിപ്പൽമാർ എന്നിവർക്ക് നൽകുക വഴി അവരിൽ നിന്നുള്ള വിദഗ്ധ അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചു. അതാതു കോളേജുകളിൽ മൂഡിൽ സംവിധാനം ഒരുക്കാനുള്ള സാങ്കേതിക സഹായവും നൽകി. ഇങ്ങനെ ഓൺലൈൻ വിദ്യാഭ്യാസത്തിനു വേണ്ട പ്രോൽസാഹനങ്ങൾ ഉറപ്പാക്കി.


ഇനിയുള്ള കാലം ബ്ലെൻഡഡ് ലേണിംഗിന്റേതാണെന്ന തിരിച്ചറിവിൽ, ആരോഗ്യ വിദ്യാഭ്യാസ രംഗത്തേക്കു കടന്നു വരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള ഓൺലൈൻ പഠന സൗകര്യങ്ങൾ ഒരുക്കാൻ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയ്ക്ക് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.


# IV. സ്ഥാപന നിലവാരം മെച്ചപ്പെടുത്തൽ

## 1. അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കായുള്ള ഗുണ നിലവാര പദ്ധതി (QAS)

മാറി വരുന്ന മത്സരാധിഷ്ഠിത സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള സ്ഥാപനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശക്തമായ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ സർവ്വകലാശാല, പ്രമുഖ മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ധനും കോഴിക്കോട് ഗവ: മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലുമായ പ്രൊഫസർ ഡോ. കെ. കാർത്തികേയവർമ്മയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുകയും ഇതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 54-ാം ഗവേർണിംഗ് കൗൺസിൽ ഇതിനു അംഗീകാരം നല്കി.

അടിസ്ഥാന സൗകര്യങ്ങൾ, പഠന-അധ്യാപന സൗകര്യങ്ങൾ, പാഠ്യപദ്ധതികളുടെ നടപ്പാക്കലും അവയുടെ മേൽനോട്ടവും, നിലവിലുള്ള ഗുണനിലവാര പദ്ധതികൾ, ഗവേഷണ പ്രോത്സാഹന പരിപാടികൾ, സാമൂഹിക ഉന്നമന പരിപാടികൾ, സ്റ്റുഡന്റ് സപ്പോർട്ട് ആൻഡ് ഗൈഡൻസ് പദ്ധതി നടത്തിപ്പ്, ഭരണമികവ്, ആധുനികവത്കരണം, തുടങ്ങി അക്കാദമിക് മികവിന്റെ സമഗ്ര മേഖലകളിലും സ്പർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഒരു കോളേജ് അപേക്ഷിച്ചു കഴിഞ്ഞാൽ ആദ്യം ഒരു ഹാൻഡ് ഹോൾഡിംഗ് സന്ദർശനവും തുടർന്ന് പ്രധാന പരിശോധനയും നടത്തും, എ പ്ലസ്, എ, ബി, എന്നിങ്ങനെ മൂന്നു ഗ്രേഡുകളായി ക്വാളിറ്റി മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ വൻതോതിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകുന്നതിനും അത് വഴി വിദ്യാഭ്യാസ മേഖലയിൽ ക്വാളിറ്റിയുടേതായ പുതിയ ഉണർവ് ഉണ്ടാകുന്നതിനും കാരണമായിട്ടുണ്ട്.




KUHS-QUALITY ASSURANCE STANDARDS (QAS)
Guidelines and Criteria for Affiliated Institutions

1. There will be 10 Key areas
2. Under each Key area there will be Five standards
3. Under each Standard there will be 5 to 10 Measurable Indicators
4. Score for each Measurable Indicators is 2 or 1points as the case may be
5. Scoring will be 2-1-0 OR 1-0.5-0
6. Academic year need to be defined and specified and score for each year to be displayed (once in three years)

| Reference Number | Key Areas | Standards | | Weightage |
|---|---|---|---|---|
| I | INFRASTRUCTURE FACILITIES | 1 | College & Hospital system | 200 |
| | | 2 | Building and Land(As per KUHS Norms) | |
| | | 3 | Library Facilities | |
| | | 4 | Sports and Cultural Facilities | |
| | | 5 | Hostel facilities | |
| II | TEACHER PROFILE AND TEACHING LEARNING | 1 | Teacher Profile | 200 |
| | | 2 | Teaching Methodology | |
| | | 3 | Learning applications | |
| | | 4 | Students assessment | |
| | | 5 | Student Assessment process | |
| III | CURRICULUM IMPLEMENTATION MONITORING | 1 | Syllabus of the University | 100 |
| | | 2 | Curriculum frame work | |
| | | 3 | Curriculum Enrichment Measures | |
| | | 4 | Academic Monitoring Cell | |
| | | 5 | Feedback on syllabus and Curriculum | |
| IV. | QUALITY ASSURANCE SYSTEM | 1 | Quality assurance unit | 100 |
| | | 2 | Audit system | |
| | | 3 | Examination | |
| | | 4 | Employees & students | |
| | | 5 | Quality Indicators | |
| V | RESEARCH ENABLING ENVIRONMENT | 1 | Administrative Frame work | 100 |
| | | 2 | Research Support Services | |
| | | 3 | Research collaborations | |
| | | 4 | Research Grants | |
| | | 5 | Research Achievements | |



| Reference Number | Key Areas | Standards | | Weightage |
|---|---|---|---|---|
| VI | OUT REACH PROGRAMMES | 1 | Community extension activities | 100 |
| | | 2 | Type of services | |
| | | 3 | Liaison with LSG | |
| | | 4 | Collaborative activities with NGOs | |
| | | 5 | Collaborative activities with Government Agencies | |
| VII | STUDENT SUPPORT AND GUIDANCE PROGRAMME | 1 | SSGP UNIT | 50 |
| | | 2 | Scholarships& Freeships | |
| | | 3 | Grievance Redressal | |
| | | 4 | Career Guidance & Career progression | |
| | | 5 | Alumni Association | |
| VIII | INSTITUTIONAL GOVERNANCE | 1 | Documented Strategic plan | 50 |
| | | 2 | Institutional Councils & Hospitals Shared Governance | |
| | | 3 | Administrative /HR Policies | |
| | | 4 | Budget and Audit Report | |
| | | 5 | Employee Accountability Framework& Documentation and Tracking System | |
| IX | INNOVATION AND BEST PRACTICES | 1 | Innovations | 50 |
| | | 2 | Best practices | |
| | | 3 | Environment friendly projects | |
| | | 4 | Energy conservation projects | |
| | | 5 | Special projects | |
| X | FEEDBACK IMPLEMENTATION PROCESS | 1 | Feed back Implementation committee and policy& processes | 50 |
| | | 2 | Listing of suggestions category wise | |
| | | 3 | prioritising the suggestions | |
| | | 4 | preparation of Action plan with timeline | |
| | | 5 | Adherence to Action plan | |
| | Total | | | 1000 |






## 2. ഗുണനിലവാര പരിശോധകരുടെ പരിശീലന പരിപാടി

ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധനക്ക് വേണ്ടി പരിശീലനം നൽകാൻ അധ്യാപകർക്ക് ശില്പശാല സംഘടിപ്പിച്ചു. 2 ബാച്ചുകളിലായി 58 പേർക്ക് അടിസ്ഥാന സൗകര്യങ്ങൾ, പഠന-അധ്യാപന സൗകര്യങ്ങൾ, പാഠ്യപദ്ധതി നടപ്പാക്കലും അതിന്റെ മേൽനോട്ടവും, നിലവിലുള്ള ഗുണ നിലവാര പദ്ധതികൾ, ഗവേഷണ പ്രോത്സാഹന പരിപാടികൾ, സാമൂഹിക ഉന്നമന പരിപാടികൾ, സ്റ്റുഡന്റ് സപ്പോർട്ട് ആന്റ് ഗൈഡൻസ് പദ്ധതി നടത്തിപ്പ്, ഭരണ മികവ്, ആധുനികവൽകരണം, തുടങ്ങി അക്കാദമിക് മികവിന്റെ സമഗ്ര മേഖലകളേയും സ്പർശിക്കുന്ന രീതിയിൽ ഇവർക്ക് പരിശീലനം നൽകി. ഇവരിൽ നിന്ന്, ബഹു. വൈസ് ചാൻസിലർ തിരഞ്ഞെടുത്ത 18 പേരെ ഇതിനകം അപേക്ഷ സമർപ്പിച്ച ആറ് കോളേജുകളിലേക്ക് പരിശോധകരായി നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ സെന്റർ ഫോർ ബേസിക് സയൻസസ്സ് നടത്തിയ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ക്വാളിറ്റി അഷ്വറൻസ് എന്ന പരിപാടി ഇതിന് സഹായകമായി തീർന്നിട്ടുണ്ട്.

ഒരു കോളേജ് അപേക്ഷിച്ചു കഴിഞ്ഞാൽ അവിടത്തെ ക്വാളിറ്റി പരിശോധനയ്ക്ക് സഹായിക്കുവാനായി ഒരു അധ്യാപകനെ പേഴ്സൺ റെസ്പോൺസിബിൾ ആയി തെരഞ്ഞെടുക്കുന്നു. അദ്ദേഹവുമായി കൂടിയാലോചിച്ച്, പിന്നീട് ഒരു പ്രാഥമിക സന്ദർശനവും തുടർന്ന് പ്രധാന പരിശോധനയും നടത്തുന്നു. കൃത്യമായ പെരുമാറ്റച്ചട്ടങ്ങൾ പരിശോധകർക്കായി തയ്യാറാക്കിയിട്ടുണ്ട്. സത്യസന്ധത, സുതാര്യത, സൗഹൃദപരത, രേഖകളുടെ പിൻബലം ഉറപ്പുവരുത്തൽ എന്നിങ്ങനെ ഏറെ പ്രൊഫഷനൽ രീതിയിലാണ് പരിശോധനകൾ നടത്തുന്നത്.




## 3. QAS കൈപ്പുസ്തകം




ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ ഗുണ നിലവാര പരിശോധനക്ക് വേണ്ട പരിശീലനം നൽകാൻ അധ്യാപകർക്ക് ശില്പശാല സംഘടിപ്പിച്ചു. 2 ബാച്ചുകളിലായി 58 പേർക്ക് അടിസ്ഥാന സൗകര്യങ്ങൾ, പഠന-അധ്യാപന സൗകര്യങ്ങൾ, പാഠപദ്ധതി നടപ്പാക്കലും അതിന്റെ മേൽനോട്ടവും, നിലവിലുള്ള ഗുണനിലവാര പദ്ധതികൾ, ഗവേഷണ പ്രോത്സാഹന പരിപാടികൾ, സാമൂഹിക ഉന്നമന പരിപാടികൾ, സ്റ്റുഡന്റ് സപ്പോർട്ട് ആന്റ് ഗൈഡൻസ് പദ്ധതി നടത്തിപ്പ്, ഭരണ മികവ്, ആധുനികവത്കരണം, തുടങ്ങി അക്കാദമിക് മികവിന്റെ സമഗ്ര മേഖലകളിലും സ്പർശിക്കുന്ന രീതിയിൽ ഇവർക്ക് പരിശീലനം നൽകാൻ ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ബഹു. വൈസ് ചാൻസിലർ, ക്വാളിറ്റി വിദഗ്ധനും കോഴിക്കോട് ഗവ: മെഡിക്കൽ കോളജിന്റെ മുൻ പ്രിൻസിപ്പലുമായ പ്രൊഫസർ ഡോ. കെ. കാർത്തികേയവർമ്മയുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. വിശദമായ ചർച്ചകൾക്ക് ശേഷം ഇതിനുവേണ്ട കൈപ്പുസ്തകം തയ്യാറാക്കുകയും ഇത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു. ഇത് ഗുണനിലവാര നിർണ്ണയ പ്രക്രിയയിൽ ഒരു നിർണ്ണായകമായ കാൽവെപ്പാണ്.

## 4. പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കൽ

സർവ്വകലാശാലയിൽ കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിനും അവ നിലനിർത്തുന്നതിനും ശാസ്ത്രീയമായ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായ ഒരു പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നതിന് സർവ്വകലാശാലാ നിയമം അനുശാസിക്കുന്നു. ഇതിനായി റിട്ടയേർഡ് ജസ്റ്റിസ് M. R ഹരിഹരൻ നായരുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ദ്ധരടങ്ങിയ ഒരു സമിതി രൂപവത്കരിക്കുകയും വിശദമായ ചർച്ചകൾക്ക് ശേഷം കരട് പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കുകയും അക്കാദമിക് കൗൺസിൽ, സെനറ്റ്, എന്നീ സമിതികൾ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തു. ഇത് വഴി നിയമപരമായി മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായ ഒരു നിലപാട് അഫിലിയേഷൻ വിഷയങ്ങളിലടക്കം സ്വീകരിക്കാൻ സർവ്വകലാശാലക്ക് കഴിയുന്നുണ്ട്. മറ്റു പല പെഴ്സ്പെക്ടീവ് പ്ലാനുകളെയും അപേക്ഷിച്ച് ഇത് എപ്പിഡെമിയോളജി രീതിശാസ്ത്രമനുസരിച്ച് തയ്യാർ ചെയ്യപ്പെട്ടതാണ് എന്ന പ്രത്യേകതകൂടിയുണ്ട്.



# V. ഭരണ നിർവ്വഹണത്തിൽ പുതിയ ആശയങ്ങൾ ഉൾക്കൊള്ളിക്കൽ

## V 1. 'സമഗ്രം' പദ്ധതി

സർവ്വകലാശാലയുടെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ സമഗ്രമായ കാഴ്ചപ്പാടോടെ, നയങ്ങളുടെ അടിസ്ഥാനത്തിൽ സമന്വയിപ്പിച്ച്, വിവിധ പദ്ധതികൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. സർവ്വകലാശാലാ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, പുതിയ ആശയങ്ങൾ കൊണ്ടുവരുന്നതിനും ഈ നടപടികൾ ഉപകരിക്കും . നാലു തലങ്ങളിലായി സർവ്വകലാശാലാ ജീവനക്കാരെ ഒരുമിപ്പിച്ചു കൊണ്ട് 'ക്വാളിറ്റി സർക്കിളുകൾ' രൂപവത്കരിക്കുക എന്നതാണ് ആദ്യ പടി. തുടർന്ന് കൃത്യമായ കാലയളവുകളിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും പരസ്പര ധാരണയോടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യുകയും ഇവ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുകയും ചെയ്യുവാൻ ഇതുമൂലം കഴിയുന്നു. ഈ പദ്ധതിക്ക് വിവിധ പദ്ധതികളിൽ വകയിരുത്തിയത് വിട്ട് കൂടുതൽ ചെലവ് ആവശ്യമില്ല എന്നതാണ് മറ്റൊരു പ്രത്യേകത. സമഗ്രം പദ്ധതിക്ക് കീഴിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ആധാരരേഖകളും പ്രമാണഗ്രന്ഥങ്ങളും ആക്കി സൂക്ഷിച്ചിട്ടുണ്ട്. 50-ാം ഗവേർണിംഗ് കൗൺസിൽ സമഗ്രം പദ്ധതി അംഗീകരിക്കുകയും 3 വർഷത്തേക്ക് കാലാവധി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 32 പ്രസിദ്ധീകരണങ്ങൾ ഇതിനകം പുറത്തുവന്നു കഴിഞ്ഞു.




ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം പൂർത്തിയായി. എല്ലാ വിഭാഗങ്ങളുടെയും 'സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) തയ്യാറാക്കി. വിവിധ വിഭാഗങ്ങളുടെ ഓപ്പറേഷനൽ പെഴ്സ്പെക്ടീവ് തയ്യാറാക്കി. ഐ ഐ എം കോഴിക്കോടിന്റെ സഹായത്തോടെ പ്രോസസ് ഇവാല്യുവേഷൻ പൂർത്തിയാക്കി. ബോർഡ് ഓഫ് സ്റ്റഡീസ് പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും പൊതുജനങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന യോഗയെക്കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. മൂന്നുവർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നത് പോലെ സമഗ്രമായ മാറ്റത്തിനു വഴിതെളിയിക്കാൻ ഉതകുന്നതാണ്.

## V 2. ക്വാളിറ്റി സർക്കിൾ





Quality Circle

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്തിമ ദശാബ്ദങ്ങളിൽ ലോകമാകെ ഗുണനിലവാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കൃതമായി. ഉത്പാദന പ്രക്രിയകളിലും, ഉത്പന്നങ്ങളിലും മാത്രമല്ല തൊഴിലിടങ്ങളിലും തൊഴിലാളികളിലും ഇതിന്റെ സ്വാധീനം ഉണ്ടായിട്ടുണ്ട് സ്വാഭാവികമായും വിദ്യാഭ്യാസ മേഖലയിലും ഗുണനിലവാരം ഒരു പ്രധാന പരിഗണനയായിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, അതിന്റെ ആന്തരിക പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ ക്വാളിറ്റി സർക്കിൾ എന്ന മാനേജ്മെന്റ് സങ്കേതം ഉപയോഗിച്ചു തുടങ്ങിയത് ഈ സാഹചര്യത്തിലാണ്. ഇതനുസരിച്ച് ഒരു സെക്ഷൻ ഓഫീസറും കീഴുദ്യോഗസ്ഥന്മാരും ഓരോ ആഴ്ചയിലും നിശ്ചിത ദിവസം തങ്ങളുടെ മുൻ ആഴ്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്ത ആഴ്ചയിലേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യുന്നു. ഓരോ ആഴ്ചയിൽ ചെയ്യേണ്ട കാര്യങ്ങൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കുന്നു. ഓരോ തലത്തിലും ഇത്തരം ക്വാളിറ്റി സർക്കിളുകൾ പരസ്പര ധാരണയോടെ സുതാര്യമായി പ്രവർത്തിക്കുക വഴി ഗുണനിലവാരം വർദ്ധിക്കാൻ ഇടയാകുന്നു. സമഗ്രം പദ്ധതിയുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്നത് ക്വാളിറ്റി സർക്കിൾ എന്ന ഈ ആശയമാണ്.

## V 3. പ്രോസസ് മാപ്പിംഗ് & ഇവാല്യുവേഷൻ




മാനേജ്മെന്റ് തത്വങ്ങൾ പ്രകാരം ഒരു സ്ഥാപനത്തിലെ പ്രവർത്തനങ്ങളെ 'പ്രോസസുകളായി' കണക്കാക്കാം ഇവയുടെ കാര്യക്ഷമത നിരീക്ഷിക്കുന്നതിനും അത് വർധിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും ഈ പ്രോസസുകളെ ഉപഘടകങ്ങൾ ആയി തിരിച്ച് വിശകലനം ചെയ്യാവുന്നതാണ്. ഇതിനെ പ്രോസസ് ഇവാല്യുവേഷൻ എന്ന് പറയുന്നു. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനങ്ങളെ പ്രോസസുകളായി തിരിച്ച് അവയെ പരിശോധിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിന്റെ സഹായത്തോടു കൂടി പ്രോസസ് മാപ്പിംഗ് ആന്റ് ഇവാല്യുവേഷൻ നടത്തി. ഇതു സംബന്ധിച്ച് തയ്യാറാക്കിയ രേഖ, സർവകലാശാലയുടെ ചാൻസലർ കൂടിയായ കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്യുകയും ഉണ്ടായി.

## V 4. സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) തയ്യാറാക്കൽ

ഒരു പ്രവർത്തനത്തെ ഉപഘടകങ്ങൾ ആയി തിരിച്ച് അവയെ ക്രമാനുഗതമായി ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതാണ് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അഥവാ SOP. ഇങ്ങനെ ചെയ്യുന്നത് മൂലം ഒരു പ്രവർത്തനത്തിന്റെ കൃത്യമായ രൂപരേഖ ലഭിക്കുകയും അതിലെ ഓരോ ഘടകത്തിന്റെയും കാര്യക്ഷമത വിലയിരുത്താൻ സാധിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉപഘടകങ്ങളുടെ ആകത്തുകയായി മൊത്തം പ്രവർത്തനത്തെ സ്പഷ്ടമായും കൃത്യതയോടെയും വിലയിരുത്താൻ കഴിയുന്നു. ഒരു സെക്ഷനിൽ നിന്ന് ഒരു ജീവനക്കാരൻ മറ്റൊരു സെക്ഷനിലേക്ക് മാറുമ്പോൾ അയാൾക്ക് പുതിയ സെക്ഷന്റെ SOP പിന്തുടർന്നാൽ അനായാസം പുതിയ ജോലി പൂർത്തിയാക്കാൻ കഴിയും.






ഇതിനായി എല്ലാ അസിസ്റ്റന്റുമാരെയും ഒന്നിച്ചിരുത്തി അവരുടെ വിഭാഗത്തിന്റെ SOP തയ്യാറാക്കുന്നതിന് വേണ്ട ടെമ്പ്ളേറ്റ് അവതരിപ്പിക്കുകയും അവർക്ക് ഇ-മെയിൽ വഴി അത് സമർപ്പിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിൽ നിന്നുള്ള വിദഗ്ധരുടെ സഹായത്തോടു കൂടി ഇതിനുള്ള ശില്പശാല നടത്തിയിരുന്നു. 48 മണിക്കൂറിനകം അവർ തങ്ങളുടെ SOP കൾ തയ്യാറാക്കി മേലുദ്യോഗസ്ഥരുടെ തിരുത്തലോടും അനുമതിയോടും കൂടി ഇവ സമർപ്പിക്കുകയും ചെയ്തു. സർവ്വകലാശാലയുടെ പ്രോസസ് മാപ്പിംഗ് ആൻഡ് ഇവാല്യുവേഷൻ നടപടികൾക്ക് SOP തയ്യാറാക്കുന്നത് അത്യന്താപേക്ഷിതമാണ്. ഇങ്ങനെ തയ്യാറാക്കപ്പെട്ട SOP കൾ സർവ്വകലാശാല ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

## V 5. ഓപ്പറേഷനൽ പേഴ്സ്പെക്ടീവ്സ് (സർവ്വകലാശാലയുടെ പ്രവർത്തന പരിപ്രേക്ഷ്യം)

സർവ്വകലാശാലയുടെ പ്രവർത്തന സംഹിത തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസർമാരിൽ നിന്നും കാതലായ വിവരങ്ങൾ ശേഖരിക്കുകയും, അവ ക്രോഡീകരിച്ച ശേഷം വിശദമായി പഠിക്കുകയും ഓപ്പറേഷണൽ പേഴ്സ്പെക്ടീവ്സ് എന്ന രേഖ തയ്യാറാക്കുകയും ചെയ്തു.





ഇത് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സാങ്കേതിക സഹായത്തോടു കൂടിയാണ് നടത്തിയത്. ഇത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച് സർവ്വകലാശാലാലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## V 6. സർവകലാശാലാ ഭരണ–നിർവ്വഹണം എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം [CUAM]

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ അസിസ്റ്റന്റുമാരായി പി എസ് സി വഴി ജോലി ലഭിച്ചവർ ഏറെയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ഇവർക്ക് സർവകലാശാലാ ഭരണത്തിലും മാനേജ്മെന്റിലും അടിസ്ഥാന അറിവുകൾ ലഭ്യമാക്കാൻ വേണ്ടി തയ്യാറാക്കിയ സർട്ടിഫിക്കറ്റ് പ്രോഗ്രാമാണ് CUAM. 117 യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരും 10 കമ്പ്യൂട്ടർ അസിസ്റ്റന്റുമാരും അടങ്ങുന്ന 127 പേർക്കാണ് 6 മാസം നീണ്ടു നിന്ന ഈ ഇൻ-സർവീസ് വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമായി സഹകരിച്ച് നടത്തിയ ഈ പരിപാടിയുടെ കരിക്കുലം തയ്യാറാക്കിയത് മുൻ ചീഫ് സെക്രട്ടറി ഡോ. എസ്.എം.വിജയാനന്ദിന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ധ സമിതിയാണ്. ആഴ്ച തോറും അര ദിവസം നീളുന്ന ഒരു സെഷൻ വീതം ഉണ്ടാകും. ആക്റ്റ്, സ്റ്റാറ്റ്യൂട്ട്, സർക്കാർ സർവീസ് നിയമങ്ങൾ, ഫിനാൻസ്, പർച്ചേസ്, ഓഫീസ് മാനേജ്മെന്റ്, സോഫ്റ്റ് സ്കിൽസ് എന്നീ വിഷയങ്ങളടക്കം ഉൾപ്പെടുത്തി, സമഗ്രമായി നടത്തിയ ഈ പരിപാടിയുടെ അവസാനം, ഒരു എക്സിറ്റ് പരീക്ഷക്കു ശേഷമാണ് സർട്ടിഫിക്കേഷൻ നടത്തിയത്. ഓരോ സെഷനിലും മുൻ ആഴ്ചത്തെ സെഷനുമായി ബന്ധപ്പെട്ട ഒരു പരീക്ഷയും ഉണ്ടാകും. ഇത് ഫോർമേറ്റീവ് അസസ്സ്മെന്റ് ആയി കണക്കാക്കും. പ്രോഗ്രാമിന്റെ അവസാനം ഒരു ലഘുപ്രബന്ധ സമർപ്പണവും, ഐ.എം.ജിയിൽ നിന്നുള്ള പരീക്ഷകർ പങ്കെടുക്കുന്ന മുഖാമുഖ പരീക്ഷയും നടത്തിയ ശേഷം വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകി. പുതിയ ഉദ്യോഗാർഥികൾ ഏറെ താല്പര്യത്തോടെയാണ് എല്ലാ ദിവസങ്ങളിലും പങ്കെടുത്തത്. ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും സ്വന്തം ജീവനക്കാർക്കുവേണ്ടി ഒരു സർവകലാശാല ഇത്തരം ഒരു സർട്ടിഫിക്കറ്റ് പ്രോഗ്രാം നടത്തുന്നത്.





# VI പ്രത്യേക പരിപാടികൾ

## 1. KUHS Centres

ആരോഗ്യ സർവ്വകലാശാലയുടെ സെന്റർ ഫോർ മെഡിക്കൽ സിമുലേഷൻ, സെന്റർ ഫോർ ബേസിക് സയൻസ്സ്, സെന്റർ ഫോർ ഡിസ്എബിലിറ്റി സ്റ്റഡീസ് എന്നീ മൂന്നു സെന്ററുകളുടെയും അക്കാദമിക്ക് സ്റ്റാഫ് കോളേജിന്റെയും ഭരണപരവും അക്കാദമികവും ആയ ചുമതല 2016 മുതൽ 2020 വരെ വഹിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിൽ വിവിധ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ, ശില്പശാലകൾ ദിനാചരണങ്ങൾ എന്നിവയും വിവിധ ഗവേഷണ പരിപാടികളും നടത്തിയിട്ടുണ്ട്. വിവിധ ഗവേഷണ പ്രബന്ധങ്ങൾ, പുസ്തകങ്ങൾ എന്നിവ തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു സഹായിച്ച ബഹു. വൈസ് ചാൻസിലർ ഡോ. എം. കെ.സി. നായർ D.Sc., ഡോ. ലീന എം. എൽ (റിസർച്ച് ഓഫീസർ, അക്കാദമിക്ക്), റിസർച്ച് അസിസ്റ്റന്റുമാർ എന്നിവരുടെ സേവനം വിലയേറിയതാണ്. 2020-ൽ ഇവയുടെ ഭരണപരമായ ചുമതല അതാതു പ്രൊഫസ്സർമാർക്കും അക്കാദമിക്ക് മേൽനോട്ടം പ്രോ-വൈസ് ചാൻസിലറും സർവ്വകലാശാല ഡീന്മാരും അടങ്ങിയ ഒരു അക്കാദമിക്ക് സമിതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.



# 2. Digital EVALUATION

പരീക്ഷാ ഉത്തര കടലാസുകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി അവ കമ്പ്യൂട്ടർ സംവിധാനത്തിലൂടെ മൂല്യ നിർണ്ണയം ചെയ്യുന്ന പ്രക്രിയയാണ് ഡിജിറ്റൽ ഇവാല്യുവേഷൻ. ഇത് സമഗ്രം പദ്ധതി വഴി ത്വരിതഗതിയിൽ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും, ആദ്യ ട്രയൽ ഇവാല്യുവേഷൻ നടത്തുകയും ചെയ്തു.

ഉത്തര കടലാസുകൾ സ്കാൻ ചെയ്ത് ഇമേജുകൾ 'സ്ക്രാംബിൾ' ചെയ്ത് പ്രത്യേക സോഫ്റ്റ്‌വെയർ വഴി മൂല്യ നിർണ്ണയം ചെയ്യുന്നു. ഇത് വഴി ഒരേ സമയം ഒരേ പേപ്പറുകൾ രണ്ടോ അതിലധികമോ പരിശോധകർക്ക് മൂല്യ നിർണ്ണയം ചെയ്യാം. മാർക്കുകൾ എൻട്രി നടത്തുമ്പോൾ സംഭവിക്കാവുന്ന തെറ്റുകൾ ഒഴിവാക്കാം. ഈ പരിപാടി ഇപ്പോൾ വിശദമായ പരീക്ഷണ ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ആറിലധികം മൂല്യ നിർണ്ണയങ്ങൾ നടന്നു കഴിഞ്ഞു. ഇതിനായി സർവ്വകലാശാലയുടെ ഐ ടി വിഭാഗം കുറഞ്ഞ ചെലവിൽ വികസിപ്പിച്ചെടുത്ത പ്രത്യേക സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്.



### കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ ഗീതം

ജീവൻ... ജീവൻ... ജീവൻ...
അമൂല്യമാണതിനസ്തിത്വം
അജ്ഞാതമാണതിനാധാരം
അനന്തമപാരമദ്ഭുതകരമാ-
ണതിൻ വികസ്വര വൈവിധ്യം

മൃതിയുടെ കാറ്റിൽ കെടാതെ ഞങ്ങൾ
പരിപാലിക്കും തിരിനാളം
തിരിനാളം തിരിനാളം പരിപാലിക്കും തിരിനാളം

വിശ്വപ്രകൃതിയിൽ യുഗാന്തരങ്ങളിൽ
തുടർന്നുപോരും പരിണാമം.
ജീവൻ... ജീവൻ... ജീവൻ...

നാഡീസ്പന്ദനതാളം താളം
ഹൃദയമിടിപ്പിൻ സ്വരരാഗം
ഇരുട്ടകന്നൊരു ശാസ്ത്രയുഗത്തിൻ
കരങ്ങൾ മീട്ടിയ സംഗീതം

മനോജ്ഞവിസ്മയമാഗാനത്തിനു
ശ്രുതി മീട്ടുന്നവരീ ഞങ്ങൾ...
തിരി നീട്ടുന്നവരീ ഞങ്ങൾ...

പ്രപഞ്ചചേതനവസുന്ധരയ്ക്കായ്
കനിഞ്ഞുനൽകിയ സമ്മാനം
ജീവൻ... ജീവൻ... ജീവൻ...

ഓരോ പ്രാണദലങ്ങളിലെഴുതിയ
നിഗൂഢമന്ത്ര രഹസ്യങ്ങൾ
തിരിച്ചറിഞ്ഞൊരു ശാസ്ത്രമിതെന്നും
തലോടിമാറ്റും വേദനകൾ

നിതാന്തജാഗ്രതയോടരികത്തായ്
കാവൽ നിൽക്കുന്നവർ ഞങ്ങൾ
കൂടെ നിൽക്കുന്നവർ ഞങ്ങൾ

സർവ്വേ ഭവന്തു സുഖിന:





# 3. സർവകലാശാലാ ഗീതം

പാരമ്പര്യമനുസരിച്ച് സർവകലാശാലകൾക്ക് ഒരു അവതരണഗീതം ഉണ്ടാവാറുണ്ട്. ഇതിലേക്കായി, ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ശാസ്ത്രാഭിമുഖ്യം, മാനവിക മൂല്യങ്ങൾ, ബഹുസ്വരത, വിവിധ ശാസ്ത്ര ശാഖക ളുടെ സമന്വയം എന്നിവ സ്ഫുരിക്കുന്ന രീതിയിൽ ഒരു ഗീതം തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ജീവനക്കാരേയും ഉൾപ്പെടുത്തി ഒരു മൽസരം സംഘടിപ്പിച്ചു. അതിൽ നിന്നും ഏറ്റവും മികച്ചത് തെരഞ്ഞെടുക്കാം എന്നതായിരുന്നു ഉദ്ദേശ്യം. എന്നാൽ യോഗ്യതയുള്ള സൃഷ്ടികളൊന്നും ലഭിച്ചില്ലെന്ന് ഇതിനായി നിയോഗിച്ച വിദഗ്ധ സമിതി കണ്ടെത്തി. തുടർന്ന്, സാഹിത്യ അക്കാദമി കവിതാ പുരസ്കാര ജേതാവും ഗാന രചയിതാ വുമായ ശ്രീ. റഫീഖ് അഹമ്മദിനെ സർവകലാശാലാ ഗീതം തയ്യാറാക്കാൻ നിയോഗിക്കാനും അത് ചിട്ടപ്പെടുത്താൻ പ്രശസ്ത സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്ററെ ഏൽപ്പിക്കാനും ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. ഇതു പ്രകാരം തയ്യാറാക്കിയ സർവകലാശാലാ ഗീതം എല്ലാ പ്രധാന ചടങ്ങുകളിലും അവതരണഗീതമായി ഉപയോഗിച്ചു വരുന്നു. വെബ് സൈറ്റിൽ ലഭ്യമായ ഗീതത്തിന് യുട്യൂബിലും ആരാധകർ ഏറെയുണ്ട്. സർവകലാശാലയ്ക്ക് ഇതിന്റെ പകർപ്പവകാശവുമുണ്ട്.




## 4. ഓൺലൈൻ വിദ്യാഭ്യാസനയം തയ്യാറാക്കാനുള്ള ചുമതല

ഓൺലൈൻ വിദ്യാഭ്യാസം സാർവത്രികമായെങ്കിലും, സർവകലാശാലയുടെ ആക്റ്റ്, സ്റ്റാട്യൂട്ട്സ് എന്നിവയിൽ ഇതിനെക്കുറിച്ച് കൃത്യമായ പരാമർശമില്ല. കോവിഡ് പശ്ചാത്തലത്തിൽ ഇതിനുവേണ്ട അടിയന്തിര, താൽക്കാലിക അനുമതികൾ അക്കാദമിക്ക് കൗൺസിൽ, ഗവേർണിംഗ് കൗൺസിൽ എന്നിവയിൽ നിന്നും ലഭിച്ചിരുന്നെങ്കിലും ഓൺലൈൻ വിദ്യാഭ്യാസം സംബന്ധിച്ച ഒരു നയരേഖ ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഇത് തയ്യാറാക്കാൻ ഡീൻ (അക്കാദമിക്) ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ അക്കാദമിക്ക് കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. 26–ാം അക്കാഡമിക്ക് കൗൺസിലിൽ കരട് നയം സമർപ്പിച്ചു. ഓരോ വിഭാഗത്തിനും അനുയോജ്യമായ രീതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നത് പരിശോധിക്കാൻ ഫാക്കൽറ്റി ഡീൻ മാർ അടങ്ങുന്ന ഒരു ഉപസമിതിക്ക് ഈ വിഷയം വിട്ടിട്ടുണ്ട്


# VII. KUHS പ്രസിദ്ധീകരണങ്ങൾ

(ഡീൻ അക്കാദമിക് വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ടത്)

## 1. AMC Hand book:

### അക്കാദമിക്ക് മോണിറ്ററിങ്ങ് സെൽ സംബന്ധിച്ച കൈപ്പുസ്തകം


അക്കാദമിക്ക് മോണിറ്ററിങ്ങ് സെൽ എന്ന ആശയം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് വിശദമാക്കുന്ന ഒരു കൈപ്പുസ്തകമാണ് AMC Hand book. സർവ്വകലാശാലയിലും കോളേജുകളിലുമായി ഏർപ്പെടുത്തുന്ന ദ്വിതല സംവിധാനത്തിൽ ഓരോ കോളേജിലും രൂപപ്പെടുത്തേണ്ട ഇൻസ്റ്റിറ്റ്യൂഷനൽ അക്കാദമിക് കമ്മിറ്റികൾ, അവയുടെ പ്രവർത്തനങ്ങൾ, സർവകലാശാലയ്ക്ക് ഓൺലൈൻ ആയി ഡാറ്റ സമർപ്പിക്കേണ്ട വിധം തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ ഇതിൽ ചിത്രങ്ങൾ സഹിതം പ്രതിപാദിച്ചിട്ടുണ്ട്. ഇത് സർവകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.




## 2. Handbook on Basic Yoga for Health Science Students & Teachers :


### വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യോഗ പഠനത്തിന് ഉപകരിക്കുന്ന കൈപ്പുസ്തകം

ആധുനിക ലോകത്തിന്റെ ജീവിത ശൈലികളുടെ മുഖമുദ്രയാണ് വൈകാരികവും ബൗദ്ധീകവും ശാരീരികവുമായ പിരിമുറുക്കങ്ങൾ. ഇവയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സഹായിക്കുന്ന ഭാരതീയ വ്യായാമ മാർഗ്ഗമാണ് യോഗ. ഇതിന്റെ മാനസിക–ശാരീരിക ഗുണങ്ങൾ ലോകമൊട്ടാകെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വളരെ എളുപ്പത്തിൽ പരിശീലിക്കാവുന്ന 18 തരം വ്യായാമ മാർഗങ്ങൾ, സർവകലാശാലയിൽ ജോലി ചെയ്യുന്ന, യോഗാഭ്യാസ വിദഗ്ദ്ധ കൂടിയായ ശ്രീമതി. പ്രഭ ടി. എഴുതിയ ഈ പുസ്തകത്തിൽ ചിത്രങ്ങൾ സഹിതം കൊടുത്തിരിക്കുന്നു. മലയാളത്തിലുള്ള ഈ കൈപ്പുസ്തകം വിദഗ്ദ്ധ സംശോധനത്തിനുശേഷം സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത എല്ലാ കോളേജുകളിലേയും ലൈബ്രറികളിലേക്ക് ലഭ്യമാക്കിക്കൊടുത്തിട്ടുണ്ട്. വിവിധ അക്കാദമിക്ക് സമിതികളിലെ അദ്ധ്യാപകർ, സർവ്വകലാശാലാ ജീവനക്കാർ എന്നിവർക്കും ഈ പുസ്തകം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ജീവനക്കാർക്ക് യോഗാഭ്യാസ പരിശീലനവും സൗജന്യമായി ലേഖിക നൽകിയിട്ടുണ്ട്.




## 3. HAPPENINGS:

### സർവകലാശാലയുടെ ഒരു ഓൺലൈൻ ശാസ്ത്ര പ്രസിദ്ധീകരണം




ശാസ്ത്രീയ വസ്തുതകളെക്കുറിച്ച് ഗൗരവതരമായി എഴുതപ്പെടുന്ന ശാസ്ത്ര പ്രബന്ധങ്ങൾ വിവിധ ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. എന്നാൽ വിവിധ ഫാക്കൽറ്റികളിലെ അദ്ധ്യാപകരിൽ വലിയൊരു വിഭാഗം ഇത്തരം പ്രബന്ധങ്ങൾ രചിക്കുന്നതിൽ നിന്നും പുറം തിരിഞ്ഞു നിൽക്കുന്നവരാണ്. പ്രബന്ധരചന നടത്തുന്നതിനുള്ള വിമുഖതയ്ക്ക് പല കാരണങ്ങൾ ഉണ്ടെങ്കിലും, പൊതുവേയുള്ള ധൈര്യക്കുറവും, അപകർഷതാബോധവും, സാമ്പത്തിക ചെലവുകളടക്കം പ്രസിദ്ധീകരണ യോഗ്യത നേടാനായി പലതരം കടമ്പകളിലൂടെ കടന്നുപോകാനുള്ള പ്രയാസങ്ങളും, എന്നിട്ടും സംഭവിക്കാവുന്ന തിരസ്കാരത്തിന്റെ വേദനാജനകമായ അനുഭവങ്ങളുമാണ് മുഖ്യകാരണങ്ങൾ എന്നുള്ള തിരിച്ചറിവിൽ നിന്നുമാണ് ഈ സംരംഭം ആരംഭിക്കുന്നത്. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൊണ്ട് പരമാവധി അദ്ധ്യാപകരുടെ (പ്രത്യേകിച്ച് യുവ അദ്ധ്യാപകരുടെ) പ്രബന്ധങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് 'ഹാപ്പനിങ്ങ്സ്' പ്രസിദ്ധീകരിക്കുന്നത്. ഓരോ സ്പെഷ്യാലിറ്റിയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന നവീന പ്രവണതകളെ, മറ്റു വിഭാഗങ്ങൾക്കുകൂടി മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ലളിതമായി, എന്നാൽ, വേണ്ട റഫറൻസുകളുടെ പിൻബലത്തോടെ എഴുതി, അതാതു ഫാക്കൽട്ടി ഡീനിന്റെ സംശോധനത്തിനു ശേഷം ഈ ജേർണലിൽ പ്രസിദ്ധീകരിക്കുന്നു. ഓൺലൈൻ ആയി ഇതിനകം നാലു വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇവ വെബ് സൈറ്റിൽ ലഭ്യമാണ്.

## 4. ലേർണിംഗ്സ് ഫ്രം ലോക്ക്ഡൌൺ




കോവിഡ് 19-നെ പ്രതിരോധിക്കാൻ 2020 മാർച്ച് 24 ന് ഭാരത സർക്കാർ ദേശവ്യാപകമായി ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനെ തുടർന്ന് സർവ്വകലാശാല അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ഇതിനെ തുടർന്ന് പരീക്ഷകൾ അടക്കമുള്ള വിദ്യാഭ്യാസ പരിപാടികൾ അനിശ്ചിതമായി നിന്നുപോയി. ഇതിലേക്ക് നയിച്ച കാരണങ്ങളും ഇവയെ അതിജീവിച്ച മാർഗ്ഗങ്ങളും സർവ്വകലാശാലയുടെ പ്രവർത്തകരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് എഴുതിയ പുസ്തകമാണിത്. ഡോ.വി.വി.ഉണ്ണികൃഷ്ണൻ സർവ്വകലാശാല ലൈബ്രേറിയൻ കെ. ടി. ജയലതയുമായി ചേർന്ന് വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ഇൻ-ഡെപ്ത് ഇന്റർവ്യൂകളുടെ അടിസ്ഥാനത്തിലാണ് ഇത് എഴുതപെട്ടിട്ടുള്ളത്. കാറും കോളും നിറഞ്ഞ, രോഗാതുരമായ ഒരു കാലഘട്ടത്തിന്റെ നേർരേഖ കൂടിയാണ് ഇത്.


# മറ്റു പ്രധാന പ്രസിദ്ധീകരണങ്ങൾ


1. KUHS Regulations 2016 Volume I & II
2. Revised Syllabi of all courses (Online)
3. Perspective Plan-KUHS
4. Process Evaluation Report
5. KUHS- A University in the making
6. Academic Monitoring Cell Hand Book
7. Operational Perspectives of KUHS-2019
8. KUHS-AARDRAM Initiative (Training of Trainers Program for Post Graduate Nursing Staff of Kerala State Health Services) Volume

I9.KUHS-AARDRAM Initiative (Training of Trainers Program for Post Graduate Nursing Staff of Kerala State Health Services) Volume II

10. Report on Training of trainers program in family Health for Post Graduate nursing Staff of Kerala state Health Services ( AARDRARAM)



11. KUHS- Towards Frontiers of Excellence -A Hand Book of Institutions Affiliated to KUHS 2018
12. Regulations for Certificate Programs
13. 'SAMAGRAM': A Comprehensive Developmental Model for KUHS
14. Quality Assurance Standards- Accreditation-2019
15. Hand Book on QUALITY ASSURANCE STANDARDS of Kerala University of Health Sciences, Thrissur
16. Quality Assurance Standards for Accreditation of Affiliated Institutions of KUHS-Manual for Asseossrs
17. Regulations for courses affiliated to the KUHS -2017-18 onwards
18. Standard Operating Procedure - Finance Branch
19. Standard Operating Procedure - Deans Office
20. Standard Operating Procedure - Administration and Works Branch
21. Standard Operating Procedure - Academic Branch
22. Standard Operating Procedure - Examination Branch
23. Faculty Enrolment Program-Unique IDs Master Print
24. Faculty Enrolment Program-Homeopathy
25. Faculty Enrolment Program-Dental
26. Faculty Enrolment Program-Medical
27. Faculty Enrolment Program-Allied Health Sciences
28. Faculty Enrolment Program-Pharmacy
29. Faculty Enrolment Program-AUSH
30. Faculty Enrolment Program-Nursing
31. Handbook of Basic yoga for Health Science Students and Teachers
32. Happenings- A KUHS Publication on Recent Advances
33. KUHS Revisited
34. An Introduction to Good Clinical laboratory Practice- Reading Material
35. Certificate Program in childhood Disability Management-Reading Material
36. Certificate Program in Clinical Skill Simulation-Reading Material
37. Certificate Program in young Adults Guidance and Counselling- Reading Material
38. KUHS - Towards Frontiers of Excellence.

# VIII മറ്റു സർവകലാശാലകളും സ്ഥാപനങ്ങളുമായുള്ള സഹകരണം

## 1. കേരള കാർഷിക സർവകലാശാല



ഓൺലൈൻ വിദ്യാഭ്യാസ മേഖലയിൽ ഇരു സർവകലാശാലകളും തമ്മിൽ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. മൂഡിൽ ഓൺലൈൻ പ്ലാറ്റ്ഫോം വഴി കോഴ്സുകൾ തയ്യാറാക്കുന്നതിനായി ആരോഗ്യ സർവകലാശാലയിൽ നിന്നും ഡീൻ (അക്കാദമിക്), സിസ്റ്റംസ് മാനേജർ എന്നിവരടങ്ങുന്ന ഒരു സംഘം വെള്ളാനിക്കരയിലെ കെ.എ.യു ക്യാമ്പസ്സ് സന്ദർശിക്കുകയും, അവരുടെ കൺട്രോളർ ഓഫ് എക്സാമിനേഷൻസുമായി ഇതിനു വേണ്ട സംവിധാനങ്ങളുടെ നടത്തിപ്പു സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.

## 2. ഐ ഐ എം കോഴിക്കോട്



സർവ്വകലാശാലയുടെആദ്യത്തെ 10 വർഷത്തെ പ്രവർത്തനത്തിന്റെ ശാസ്ത്രീയമായ വിലയിരുത്തലിനു വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (IIM-K)ന്റെ സഹകരണത്തോടെ എല്ലാ വിഭാഗങ്ങളുടെയും സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ (SOP) തയ്യാറാക്കുകയും തുടർന്ന് പ്രോസസ് ഇവാല്യുവേഷൻ, ഓപ്പറേഷനൽ പെഴ്സ്പെക്ടീവ്സ് എന്നീ രേഖകൾ തയ്യാറാക്കുകയും ചെയ്തു. ഇവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് സമഗ്രം പദ്ധതിക്ക് കീഴിലാണ് നടപ്പിലാക്കിയത്.

## 3. ഗവ: മെഡിക്കൽ കോളേജ്, കോഴിക്കോട്



മെഡിക്കൽ സിമുലേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രോഗ്രാമിനു വേണ്ട പരിശീലനത്തിനായി കോഴിക്കോട് ഗവ: മെഡിക്കൽ കോളേജിലെ മെഡിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിനു കീഴിലുള്ള അവിടത്തെ സിമുലേഷൻ സെന്ററുമായി സഹകരിച്ചുകൊണ്ട് ഏകദേശം 65 അദ്ധ്യാപകർക്ക് രണ്ടു ദിവസത്തെ ഓൺസൈറ്റ് പരിശീലനം നൽകി.

# മറ്റു സർവകലാശാലകളും സ്ഥാപനങ്ങളുമായുള്ള സഹകരണം

## 4. ഗവ: നേഴ്സിംഗ് കോളേജ്, തൃശ്ശൂർ



മെഡിക്കൽ സിമുലേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രോഗ്രാമിനു വേണ്ട പരിശീലനത്തിനായി, സർവകലാശാലയിലെ സിമുലേഷൻ സെന്റർ സ്ഥാപിതമാകാനുള്ള കാലതാമസം കണക്കിലെടുത്ത്, തൃശ്ശൂർ ഗവ: നേഴ്സിംഗ് കോളേജിലെ നേഴ്സിംഗ് എഡ്യുക്കേഷൻ വിഭാഗത്തിലുള്ള സിമുലേഷൻ ലാബറട്ടറിയുമായി സഹകരിക്കുകയും, ഏകദേശം 65 അദ്ധ്യാപകർക്ക് രണ്ടു ദിവസത്തെ ഓൺസൈറ്റ് പരിശീലനം നൽകുകയും ചെയ്തു.

## 5. ഗവ: മെഡിക്കൽ കോളേജ്, തൃശ്ശൂർ



വിവിധ അദ്ധ്യാപന പരിപാടികളിലെ അദ്ധ്യാപക പ്രാതിനിധ്യത്തിനു പുറമേ, സർവകലാശാലയിൽ പല മെഡിക്കൽ ക്യാമ്പുകളും തൃശൂർ ഗവ: മെഡിക്കൽ കോളേജുമായി സഹകരിച്ച് നടത്തിയിട്ടു ണ്ട്.സർവകലാശാലാ ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മെഡിക്കൽ കോളേജ് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ജീവനക്കാരുടെ സമഗ്രആരോഗ്യ പരിശോധനയും ഹെൽത്ത് കാർഡ് നൽകലും: ഇതിനായി ജീവനക്കാരുടെ സംഘടനയായ 'സർഗ'യുമായി സഹകരിച്ചുകൊണ്ട്, എല്ലാ സർവകലാശാലാ ജീവനക്കാരുടേയും ആരോഗ്യ പരിശോധനയും കാർഡ് വിതരണ വും നടത്തി. ആവശ്യമുള്ളവർക്ക് മെഡിക്കൽ കോളേജ് യിലെ ബന്ധപ്പെട്ട വിഭാഗങ്ങളിൽ പരിശോധനയും ചികിൽസയും ഉറപ്പാക്കി.

**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം:**

എല്ലാ സർവകലാശാലാ ജീവനക്കാർക്കും ബി.എൽ.എസ് ട്രെയ്നിംഗ് നൽകുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുമുണ്ടായി. ഇവാല്യുവേഷൻ സെന്ററിലെ അദ്ധ്യാപകർക്ക് ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം: എല്ലാ സർവക ലാശാലാ ജീവനക്കാർക്കും അനസ്തീഷ്യാ ദിനത്തോടനുബന്ധിച്ച് ബി.എൽ.എസ് ട്രെയ്നിംഗ് നൽകുകയുായി. ഇതിനു വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് ഡീൻ അക്കാദമിക്ക് ഓഫീസാണ്.

**കോവിഡ്-19 സംബന്ധിച്ച് ക്ലാസുകൾ:**

രണ്ടു തവണയായി ജീവനക്കാർക്ക് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി സഹകരിച്ച് ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു. വനിതാ ജീവനക്കാർക്കുള്ള പ്രത്യേക ആരോഗ്യ ക്ലാസ്സുകൾ നടത്തി.

# മറ്റു സർവകലാശാലകളും സ്ഥാപനങ്ങളുമായുള്ള സഹകരണം

### 6. അമൃത വിശ്വവിദ്യാപീഠം, കൊച്ചി




ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ റിസോഴ്സ് മെറ്റീരിയലുകൾ തയ്യാറാക്കാൻ അദ്ധ്യാപകർക്കുവേണ്ടി പരിശീലനപരിപാടികൾ അമൃതാ സർവകലാശാലയുമായി സംഘടിപ്പിച്ചു.

### 7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം



സർവകലാശാലാ ജീവനക്കാരുടെ തൊഴിൽപരമായ ഗുണനിലവാരമുയർത്താൻ Certificate Program in University Administration & Management (CUAM) എന്ന വിദ്യാഭ്യാസ പരിപാടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം, കൊച്ചി യൂണിറ്റുകളുടെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലും നടത്തി. 127 പേർക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

### 8. വിദ്യാ അക്കാദമി ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, തൃശൂർ.



മൂഡിൽ പരിശീലനത്തിനായി സാങ്കേതിക സഹായത്തിനായി തൃശ്ശൂരിലെ വിദ്യാ അക്കാദമി ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജിയുമായി (ഡോ. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല) സഹകരിച്ചു.

# IX സാമൂഹിക ഇടപെടലുകൾ

## ആരോഗ്യ വകുപ്പിലെ നേഴ്സുമാർക്ക് 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ മേഖലയിൽ പരിശീലനം

കേരള സർക്കാർ ആരോഗ്യ വകുപ്പിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദധാരികളായ നേഴ്സുമാർക്ക് കുടുംബാരോഗ്യ മേഖലയിൽ 'ആർദ്രം മിഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുവാൻ സർവകലാശാല തീരുമാനിച്ചു; ഡീൻ (അക്കാദമിക്) നെ ഇതിന്റെ നടത്തിപ്പു ചുമതല ഏൽപ്പിക്കുകയും ചെയ്തു. ആരോഗ്യ സർവകലാശാലയുടെ പാഠ്യപദ്ധതിയിൽ, സ്വന്തം അദ്ധ്യാപകരെ ഉപയോഗിച്ച് 2018 മാർച്ച് 5 മുതൽ 16 വരെ, കുടുംബാരോഗ്യ വിഷയത്തിൽ 12 ദിവസത്തെ പരിശീലനം നൽകി. ഇതിനാവശ്യമായ കോഴ്സ് മെറ്റീരിയലുകൾ (രണ്ടു വാല്യങ്ങൾ) സർവകലാശാല തന്നെ കുറഞ്ഞ സമയം കൊണ്ട് തയ്യാറാക്കി. സർവകലാശാലയുടെ ഒരു പ്രധാനപ്പെട്ട സാമൂഹ്യ ഇടപെടൽ കൂടിയായിരുന്നു ഇത്. ഗവേർണിംഗ് കൗൺസിലിന്റെ 44.24ആം തീരുമാന പ്രകാരം അക്കാദമിക് സ്റ്റാഫ് കോളേജിന്റെ ഫണ്ട് ഉപയോഗിച്ച് ഈ പരിപാടി നടത്തുന്നത് അംഗീകരിച്ചു.

## KUHS അപ്ഡേറ്റ്സ് സീരീസ്

സർവകലാശാലയുടെ ഏഴ് വിജ്ഞാന ശാഖകളിലും ദിവസം പ്രതി എന്നോണം പുതിയ മാറ്റങ്ങളും കുതിപ്പുകളും മുന്നേറ്റങ്ങളും വൈജ്ഞാനിക വിസ്ഫോടനങ്ങളും സംഭവിക്കുന്നുണ്ട്. ഇവയെക്കുറിച്ച് അതാതു ശാഖകൾക്കും, മറ്റു ശാഖകൾക്കും അറിവു നൽകാൻ പര്യാപ്തമായ പരിപാടിയാണ് KUHS അപ്ഡേറ്റ്സ് സീരീസ് . ഒരു കോളേജിൽ മൂന്നോ നാലോ വിദഗ്ധർ ഒരു നിർദ്ദിഷ്ട വിഷയത്തിലെ നൂതന പ്രവണതകളെക്കുറിച്ച് 30-45 മിനിറ്റ് വീതം സംസാരിക്കുന്നു. ഏഴ് വിജ്ഞാന ശാഖകളിൽ നിന്നുമുള്ള ക്ഷണിക്കപ്പെട്ട സദസ്സിൽ, അദ്ധ്യാപകരും ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളും ഉണ്ടായിരിക്കും. ഇതിന്റെ നടത്തിപ്പിനാവശ്യമായ ചെലവുകൾക്കു വേണ്ട തുക (യാത്രാബത്ത, വിദഗ്ധർക്കുള്ള റമ്യൂണറേഷൻ, ലഘുഭക്ഷണം, പരസ്യം എന്നിവയടക്കം) സർവകലാശാല വഹിക്കും. വിഷയങ്ങളുടെ പുതുമ കൊണ്ടും പങ്കാളിത്തം കൊണ്ടും വളരെ വിജയകരമായ ഇത്തരം എട്ട് അപ്ഡേറ്റ് പരിപാടികൾ നടത്തിയിട്ടുണ്ട്. എല്ലാം തന്നെ ബഹു: വൈസ് ചാൻസിലർ ഉദ്ഘാടനം ചെയ്യുകയും, മുഴുവൻ സമയവും, പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

# X അനുബന്ധം
## വിവിധ പരിപാടികളുടെ തൽസ്ഥിതി

| നം. | ഉള്ളടക്കം | നിലവിലുള്ള സ്ഥിതി |
|---|---|---|
| I | അക്കാദമിക് അടിസ്ഥാന സൗകര്യങ്ങളും ശാക്തീകരണവും | |
| 1 | റെഗുലേഷനുകളുടെ പുന:ക്രമീകരണവും ഗസറ്റ് വിജ്ഞാപനവും | പൂർത്തിയാക്കി |
| 2 | സിലബസ് സംശോധനം | പൂർത്തിയാക്കി |
| 3 | അക്കാദമിക്ക് യോഗങ്ങളുടെ ക്രമീകരണങ്ങൾ: പുനരവലോകനം | പൂർത്തിയാക്കി |
| 4 | അക്കാദമിക് മോണിറ്ററിംഗ് സെൽ | നടപ്പിലാക്കി |
| 5 | ഓൺലൈൻ വിദ്യാഭ്യാസ പരിപാടികളുടെ നിരീക്ഷണം | നടപ്പിലാക്കി |
| II | അദ്ധ്യാപക വിവരശേഖരണവും പരിശീലന പരിപാടികളും | |
| 1 | ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം (FEP) | പൂർത്തിയാക്കി |
| 2 | FEP ഡാറ്റയെ ഉപഭോക്തൃ സൗഹൃദമാക്കൽ | പൂർത്തിയാക്കി |
| 3 | ഫാക്കൽട്ടി അക്കാദമിക്ക് ക്രെഡിറ്റ് സിസ്റ്റം (FACS) | സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയാക്കി |
| 4 | മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ തയ്യാറാക്കൽ (MOOC) | നടപ്പിലാക്കി |
| 5 | ബെസ്റ്റ് ടീച്ചർ അവാർഡ് | നടപ്പിലാക്കി |
| 6 | സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (സെന്ററുകൾ) | നടപ്പിലാക്കി |
| 7 | സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ (അക്കാദമിക്ക് സ്റ്റാഫ് കോളേജ്) | നടപ്പിലാക്കി |
| 8. | മൂഡിൽ പരിശീലനം | നടപ്പിലാക്കി |
| III | വിദ്യാർത്ഥികൾക്കായുള്ള പരിപാടികൾ | |
| 1 | പഠനോപാധികളുടെ രൂപകൽപ്പനയും നിർമ്മാണവും നടപ്പിലാക്കി. | |
| 2 | മൂഡിൽ പ്ലാറ്റ്ഫോമിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടി | നടപ്പിലാക്കി |

# അനുബന്ധം
## വിവിധ പരിപാടികളുടെ തൽസ്ഥിതി

| നം. | ഉള്ളടക്കം | നിലവിലുള്ള സ്ഥിതി |
|---|---|---|
| IV | സ്ഥാപന നിലവാരം മെച്ചപ്പെടുത്തൽ | |
| 1 | അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കായുള്ള ഗുണനിലവാര പദ്ധതി | നടപ്പിലാക്കി |
| 2 | ഗുണ നിലവാര പരിശോധകരുടെ പരിശീലന പരിപാടി | പൂർത്തിയാക്കി |
| 3 | QAS കൈപ്പുസ്തകം തയ്യാറാക്കൽ | പൂർത്തിയാക്കി |
| 4 | KUHS പദ്ധതികളുടെ പരിപ്രേക്ഷ്യം (Perspective Plan) തയ്യാറാക്കൽ | പൂർത്തിയാക്കി |
| V | ഭരണ നിർവ്വഹണത്തിൽ പുതിയ ആശയങ്ങൾ ഉൾക്കൊള്ളിക്കൽ | |
| 1 | 'സമഗ്രം' പദ്ധതി | പുരോഗമിക്കുന്നു |
| 2 | ക്വാളിറ്റി സർക്കിൾ | നടപ്പിലാക്കി |
| 3 | പ്രോസസ് ഇവാല്യുവേഷൻ | പൂർത്തിയാക്കി |
| 4 | സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയേഴ്സ് തയ്യാറാക്കൽ (SOP) | പൂർത്തിയാക്കി |

# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

# 'വെല്ലുവിളികളും സാദ്ധ്യതകളും'

**കേരള** ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ആക്റ്റ് 2010, ഒന്നാം സ്റ്റാറ്റ്യൂട്ട്സ് എന്നിവയെ അടിസ്ഥാനമാക്കി ആവിഷ്ക്കരിച്ചു നടപ്പാക്കിയ ഓരോ പദ്ധതിയുടേയും സംക്ഷിപ്ത വിവരണമാണ് ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ സർവകലാശാലകളുടെ ഇടയിൽ, 2010ൽ സ്ഥാപിതമായ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ സ്ഥാനം സ്തുത്യർഹമായ ഉയരത്തിലാണ്.

വിവിധ സർവകലാശാലകളിലായി പരന്നു കിടന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരൊറ്റ സർവകലാശാലയുടെ കുടക്കീഴിലേക്ക് കൊണ്ടുവരുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന പൊരുത്തക്കേടുകളെ അഭിമുഖീകരിച്ചുകൊണ്ട് മുന്നേറാൻ കഴിഞ്ഞതാണ് ആദ്യ ദശകത്തിന്റെ പകുതിയോളം നീണ്ട കാലഘട്ടത്തിന്റെ വിജയം. കലുഷമായ ഇക്കാലത്തു തന്നെ, സ്വന്തമായൊരു ക്യാമ്പസ്സും കെട്ടിടവും നിർമിച്ചെടുത്തു എന്നത് ഏറെ ശ്ലാഘനീയമാണ്. ഇതിന് ആദ്യ വൈസ് ചാൻസിലർ പ്രൊഫ. ഡോ. കെ. മോഹൻദാസ് സാറിനോട് നമ്മൾ കടപ്പെട്ടിരിക്കുന്നു.

രണ്ടാം അർദ്ധദശകത്തിൽ, പ്രൊഫ. ഡോ. എം.കെ.സി. നായർ സാറിന്റെ പ്രഗത്ഭമായ മാനേജ്മെന്റ് വൈദഗ്ദ്ധ്യത്താൽ സർവകലാശാലയുടെ ഭരണ-അക്കാദമിക്ക് വിഭാഗങ്ങളിൽ വിവിധ നിയമാനുസൃത സംവിധാനങ്ങൾ (സിസ്റ്റങ്ങൾ) നിലവിൽ വന്നു. വിവിധ സ്കൂളുകൾക്കും സെന്ററുകൾക്കും സ്വന്തമായ കെട്ടിടങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയരാൻ തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്.

മൂന്നാമത്തെ അർദ്ധദശകത്തിലേക്ക് കടക്കുമ്പോൾ തികച്ചും നൂതനവും അനന്തവുമായ സാദ്ധ്യതകളാണ് സർവകലാ ശാലയ്ക്കു മുന്നിൽ നിവർന്നു വന്നത്. എന്നാൽ ആഗോള പാൻഡെമിക്ക് ആയ കോവിഡ്-19 ഉയർത്തുന്ന പ്രശ്നങ്ങളും വെല്ലുവിളികളും ഒട്ടും നിസ്സാരമായിരുന്നില്ല. മൂന്നാമത്തെ വൈസ് ചാൻസിലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ സാർ, സ്വതസിദ്ധമായ വൈദഗ്ദ്ധ്യത്തോടെ, ആത്മവിശ്വാസത്തോടെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത് ഇവയെയാണ്. ഇതിനിടയിലും ഓൺലൈൻ സാധ്യതകൾ ഭരണ-വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ രീതിയിൽ ഉപയോഗിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

21-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു സർവകലാശാല എങ്ങനെയായിരിക്കണം, എന്തൊക്കെയായിരിക്കണം അതിന്റെ പ്രവർത്തന മേഖലകളും രീതികളും എന്നിവയെക്കുറിച്ച് നിരന്തരം ചർച്ചകൾ തുടരേതുണ്ട്. പ്രത്യേകിച്ച്, പുതിയ വിജ്ഞാന മേഖലകൾ ഉരുത്തിരിഞ്ഞു വരുന്ന സാഹചര്യത്തിൽ. ഓൺലൈൻ വിദ്യാഭ്യാസം, സ്വകാര്യ -വിദേശ സർവകലാശാലകളുടെ വരവ്, സ്ഥാപനങ്ങളുടെ അക്കാദമിക്ക് നിരീക്ഷണ പ്രവർത്തനങ്ങൾ (മോണിറ്ററിംഗ്), റെഗുലേഷൻ പരിഷ്കരണം, പരീക്ഷാ നടത്തിപ്പിലെ പുതിയ സാദ്ധ്യതകൾ, പുതിയ തലമുറയിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മാറിവരുന്ന അഭിരുചികൾ, സേവന വേതന വ്യവസ്ഥകൾ, വിവര സാങ്കേതികവിദ്യയുടെ നൂതന പ്രവണതകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ് എന്നിവയടക്കമുള്ള പുതിയ ടെക്നോളജികൾ, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അവയുടെ നടത്തിപ്പിനും വേണ്ടിവരുന്ന വർദ്ധിച്ച ചെലവുകൾ, പ്രകൃതി ദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടേയും വർദ്ധനവ്, അവ സമൂഹത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ, പുതിയ രോഗങ്ങൾ എന്നിവ ആരോഗ്യശാസ്ത്ര മേഖലയിലെ ഇന്നത്തെ വെല്ലുവിളികളാണ്. ഇവയെ നേരിടുന്നതിൽ അക്കാദമിക്ക് കാഴ്ച്ചപ്പാടോടുകൂടിയ പിന്തുണ സമൂഹത്തിനും, തിരിച്ചും നൽകുന്ന സമീപനങ്ങളായിരിക്കണം നമ്മുടെ സർവകലാശാലക്ക് വേണ്ടത് എന്ന് നിസ്സംശയം പറയാം.

ഇതിന് നമുക്ക് കഴിയുമെന്നതിൽ യാതൊരു സംശയത്തിനും അവകാശമില്ല. അതുകൊണ്ട്, നമുക്ക് വർദ്ധിച്ച ആവേശത്തോടെ, ലക്ഷ്യബോധത്തോടെ മുന്നേറാം. അതിനായുള്ള പ്രവർത്തനങ്ങൾ ഇന്നലെ തന്നെ തുടങ്ങാം.







ഒരു കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പ്രസാധനം










## Basic Tenets of KUHS

Always Go by Rule Book
Observe Sanctity of Examinations
Be Student Friendly at all times
Acknowledge the Right to be Heard
Always Give Respect and Take Respect

